# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.21 No.12 കാർത്തികപ്പള്ളി R.No. 7361/02 2021 DECEMBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## Google പിറന്നാൾ

ടെക്നോളജി ഭീമൻ ഗൂഗിൾ 23-ാം പിറന്നാൾ ആഘോഷിക്കുകയാണ്. ഇതിനായി പ്രത്യേക ഡൂഡിലും ഒരുക്കിയിരിക്കുകയാണ് ഗൂഗിളിന്റെ സേർച്ച് എൻജിൻ. ഇന്ന് ബില്ല്യൻ കണക്കിനു ഡോളർ മൂല്യമുള്ള കമ്പനിയായി മാറിയ ഗൂഗിൾ തുടങ്ങാൻ ഇടയായത് വെറും യാദൃശ്ചികമായാണ് എന്നാണ് കമ്പനിയുടെ പിറന്നാൾ കുറിപ്പിലുള്ളത്. യാദൃശ്ചികമായി ഒരു കണ്ടുമുട്ടൽ നിങ്ങളുടെ ജീവിതത്തിന്റെ വഴി മാറ്റിയേക്കാമെന്നാണ് ഗൂഗിൾ പറയുന്നത്. ഗൂഗിളിന്റെ കാര്യത്തിൽ രണ്ടു കംപ്യൂട്ടർ വിദഗ്ധർ യാദൃശ്ചികമായി കണ്ടുമുട്ടിയത് ഇന്റർനെറ്റിന്റെ തന്നെ ഗതിമാറ്റിയെന്നും കുറിപ്പിലുണ്ട്. യാദൃശ്ചികമായ ആ കണ്ടുമുട്ടൽ നടന്നത് 1997-ൽ ആണ്. സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിലെ ബിരുദ വിദ്യാർത്ഥിയായ സെർഗായ് ബ്രിനും, അതേ യൂണിവേഴ്സിറ്റിയിൽ പഠിച്ചാലോ എന്ന് ആലോചിച്ചിരുന്ന ലാറി പേജുമായുള്ള കണ്ടുമുട്ടൽ. പേജിനെ യൂണിവേഴ്സിറ്റി ക്യാംപസ് കൊണ്ടുനടന്നു കാണിക്കാനുള്ള നറുക്കു വീണത് ബ്രിന്നിനാണ്. അടുത്തവർഷം മുതൽ ഗൂഗിളിന്റെ ഈ സഹസ്ഥാപകർ യോജിച്ച് അവരുടെ ഡോർമറ്ററി മുറികളിൽ വച്ച് ഒരു സേർച്ച് എൻജിൻ വികസിപ്പിക്കാൻ തുടങ്ങുകയായിരുന്നു. ഇതിന്റെ പ്രാഥമിക രൂപം 1998 ൽ പൂർത്തിയാകുകയും ഗൂഗിൾ പിറക്കുകയുമായിരുന്നു എന്ന് കമ്പനി വിശദീകരിക്കുന്നു. ഇന്ന് ഓരോ ദിവസവും 150 ഭാഷകളിലായി ബില്ല്യൻ കണക്കിനു സേർച്ചുകളാണ് ഗൂഗിളിൽ നടക്കുന്നത്.

## വരുന്നു മെറ്റാവേഴ്സ്

ഇന്റർനെറ്റിന്റെ തൽസമയ ത്രിമാന അനുഭവം എന്ന് മെറ്റാവേഴ്സിനെ വേണമെങ്കിൽ വ്യാഖ്യാനിക്കാം. അവിടെ എനിക്കും നിങ്ങൾക്കും കടന്നുചെല്ലാം. രൂപത്തോടുകൂടി സന്നിഹിതരാകാം, കണ്ടുമുട്ടാം, മുഖാമുഖം ചർച്ച നടത്താം. ഒരുമിച്ചു പ്രവർത്തിക്കാം, ഷോപ്പിങ് നടത്താം. ഒരു വീടിന്റെ ഫോട്ടോയോ വീഡിയോയോ കാണുന്നതുപോലെയാണോ ആ വീട്ടിലേക്ക് നമ്മൾ പ്രവേശിച്ച് അതിന്റെ മുക്കും മൂലയും കാണുന്നത്.



ടെക്സ്റ്റ് വോയ്സ് വീഡിയോ ചാറ്റിനപ്പുറം പരസ്പരം കണ്ട്, ഇഷ്ടപ്പെട്ട ആംബിയൻസിൽ നേരിട്ട് സംഭാഷണം നടത്താം.

മെറ്റാവേഴ്സിൽ ഷോപ്പിംഗും എന്തിന് വിവരങ്ങൾ സെർച് ചെയ്യുന്നതുവരെ വേറെ ലെവലാകും. ഓൺലൈൻ ഫാഷൻ സ്റ്റോറിൽ ഇപ്പോൾ വസ്ത്രങ്ങൾ ചിത്രങ്ങളും കുറിപ്പും കണ്ട് വാങ്ങാനേ വഴിയുള്ളൂ. മെറ്റാവേഴ്സിൽ ഷോറൂമിൽ'കടന്ന്' വസ്ത്രം 'ഇട്ട്' കണ്ണാടിയിലെന്നപോലെ കണ്ട് തൃപ്തിപ്പെട്ട് വാങ്ങാം. വിനോദ മാധ്യമം അടിമുടി മാറും.

## അങ്ങനെ അതും ഇറങ്ങി

ലൈംഗീക റോബോട്ടുകൾ ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. അവ ഏതു സമൂഹത്തിലും പ്രചാരം നേടുകയും ചെയ്യാം. ഇത് സമൂഹ ഘടനയെ തന്നെ മാറ്റിമറിച്ചേക്കാം. ഇവയുടെ വരുംവരായ്കകളെക്കുറിച്ചു പഠിച്ച് നിയമ നിർമ്മാണം നടത്തണമെന്നു ലോകമെമ്പാടുമുള്ള നിയമ വിദഗ്ധർ ആവശ്യപ്പെടുന്നുണ്ട്. ഇത്തരം റോബോട്ടുകളുടെ ഉപയോഗം വ്യക്തികൾക്കു ഗുണമോ, ദോഷമോ എന്നോ, അവയുടെ ഉപയോഗം സമൂഹങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവന്നേക്കാമെന്നോ ഗൗരവമുള്ള പഠനം നടന്നിട്ടില്ലെന്നും ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. ലൈംഗികത, വ്യക്തിബന്ധങ്ങൾ തുടങ്ങി പല കാര്യങ്ങളിലും പഠനം വേണ്ട സമയമാണിത്. സെക്സ് റോബോട്ടുകൾ അടക്കമുള്ളവയിൽ നിർമ്മിത ബുദ്ധിയെ എങ്ങനെയാണ് ഉൾക്കൊള്ളിക്കുന്നത് എന്നതിനെക്കുറിച്ചും അടിയന്തിര പഠനം ആവശ്യമാണ്.

മനുഷ്യരെപ്പോലെയുള്ള യന്ത്രങ്ങളെ നിർമ്മിക്കുക വഴി ആരാണ് ഒരു വ്യക്തി എന്ന ചോദ്യവും അവ നമ്മളെ ഒരുകാലത്ത് മറികടക്കില്ലേ എന്ന ആശങ്കയും സമൂഹം പങ്കുവയ്ക്കുന്നുണ്ട്.



വികാരങ്ങളേക്കാളേറെ ലൈംഗികതയ്ക്കു പ്രാധാന്യം നൽകുന്ന സ്ഥിതി വന്നാൽ സമൂഹത്തിലും കുടുംബങ്ങളിലും അക്രമത്തിനും ചൂഷണത്തിനും സാധ്യതയുണ്ട്. ചില റോബോട്ടുകൾക്ക് ഇപ്പോൾ ലൈംഗീകതയ്ക്ക് സമ്മതമല്ലെന്നു പറയാനുള്ള കഴിവു പ്രോഗ്രാം ചെയ്തുകഴിഞ്ഞതായി പറയുന്നു. നിയമ നിർമ്മാണം നടത്തുമ്പോൾ ധാർമ്മികത പരിഗണിക്കേണ്ട വിഷയമാണ്. ഇതുപോലെ നിരവധി കാര്യങ്ങൾ നിയമത്തിന്റെ പരിധിയിൽനിന്ന് ചർച്ച ചെയ്യേണ്ടിവരും.

## സർവ്വനാശായുധവുമായി ചൈന

ഒരാളെ പോലും വധിക്കാതെ രാജ്യം കീഴടക്കാനാകുമോ? ചൈനയുടെ ഈ ആയുധത്തിന് അതും സാധ്യമാകുമെന്ന് കരുതാം. 3000 കിലോമീറ്റർ അകലെയുള്ള ലക്ഷ്യസ്ഥാനത്തെ എല്ലാ വാർത്താവിനിമയ സംവിധാനങ്ങളേയും ഊർജ്ജ വിതരണ സംവിധാനങ്ങളേയും കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ സർവ്വനാശം വരുത്താൻ ശേഷിയുള്ള ആയുധമാണ് ചൈനീസ് ഗവേഷകർ അവതരിപ്പിക്കുന്നത്. ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹി മുതൽ സുപ്രധാനമായ പല നഗരങ്ങളും ഈ പരിധിയിൽ പെടും. ചൈന അക്കാദമി ഓഫ് ലോഞ്ച് വെഹിക്കൾ ടെക്നോളജിയിലെ ഗവേഷകരാണ് ഈ ഹൈപർസോണിക് ആയുധം അവതരിപ്പിച്ചിരിക്കുന്നത്. ബാലിസ്റ്റിക് മിസൈലുകളെ അപേക്ഷിച്ച് ഭൂമിയുടെ അന്തരീക്ഷത്തിനുള്ളിൽ തന്നെ സഞ്ചരിക്കുന്ന ഇവ ശത്രു റഡാറുകളെ കബളിപ്പിക്കാൻ പോന്നവയാണ്. ഒരു ജീവനാശം പോലും ഇല്ലാതെ ലക്ഷ്യസ്ഥാനത്തെ വാർത്താവിനിമയ



സംവിധാനം പൂർണ്ണമായും തകർത്തുകൊണ്ട് എതിരാളികളെ നിരായുധരാക്കുമെന്നതാണ് ഈ തന്ത്രപ്രധാന ആയുധത്തിന്റെ പ്രധാന സവിശേഷത.

അതിശക്തമായ വൈദ്യുത കാന്തിക തരംഗങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. ഇലക്ട്രോണിക് ഉപകരണങ്ങളെല്ലാം ഒരൊറ്റ ആക്രമണത്തിൽ നശിക്കുമെന്നാണ് ഗവേഷകനായ സൺഷെങ്ങും കൂട്ടാളികളും അവകാശപ്പെടുന്നത്. ചൈനീസ് ജേണലിൽ തന്ത്രപ്രധാന മിസൈൽ സാങ്കേതികവിദ്യ എന്ന തലക്കെട്ടിലാണ് ഇവർ തങ്ങളുടെ പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## ഗൂഗിളിൽ ആടിന് എന്തു കാര്യം?

ഗൂഗിളിന്റെ ഹെഡ് ഓഫീസിൽ ആടിന് എന്തു കാര്യം? ഒന്നല്ല. ഒരു വലിയ ആട്ടിൻപറ്റം. എന്തിനും ഉത്തരം നൽകുന്ന ഗൂഗിളിന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയായിരുന്നു ഈ ആട്ടിൻപറ്റം. കാലിഫോർണിയയിലെ ഗൂഗിളിന്റെ ഹെഡ് ഓഫീസായ ഗൂഗിൾ പ്ലെക്സിൽ ഇടയ്ക്കിടെ വി.ഐ.പി.കളായ ഈ 'തൊഴിലാളികൾ' ജോലിക്കെത്തും. ഒരാഴ്ചയോളം ജോലി ചെയ്ത് ഇവർ മടങ്ങും. ആട്ടിൻപറ്റത്തിന്റെ പ്രതിദിനവരുമാനം ഗൂഗിളിന്റെ നിലയ്ക്കും വിലയ്ക്കും ഒത്തതുതന്നെ. ദിവസം 750 ഡോളർ വരെ. അതായത് ഏകദേശം 55,000 രൂപ. ഗൂഗിൾ പ്ലെക്സിലെ നാചുറൽ 'ലോൺ മോവേഴ്സ്' ആണ് ഈ ആടുകൾ. അതായത് 26 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഗൂഗിളിന്റെ ഓഫീസ് ക്യാംപസിലെ 'പുല്ല്' വെട്ടുന്നവരാണ് ഈ ആടുകൾ. ഗൂഗിൾ ഓപ്പറേറ്റിംഗ് ഓഫീസർ അവരുടെതന്നെ ബ്ലോഗിൽ എഴുതിയതാണ് ഈ സംഭവം.

ആ കഥയിങ്ങനെ: കാലിഫോർണിയയിലെ ഹെഡ് ഓഫീസായ ഗൂഗിൾ പ്ലെക്സ് കുന്നിൻ ചെരിവിന് സമാനമാണ്. ഹരിതാഭയും പച്ചപ്പുമൊക്കെയുള്ള ഈ വലിയ ക്യാംപസിൽ പ്രകൃതിക്ക് ദോഷമില്ലാതെ, വലിയ ശബ്ദകോലാഹലമില്ലാതെ ഓഫീസ് ക്യാംപസിലെ പുൽമേടുകൾ എങ്ങനെ പരിപാലിക്കാം എന്ന ചോദ്യത്തിന് ഗൂഗിൾ കണ്ടെത്തിയ ഉത്തരമാണ് ആടിനെ മേയാൻ വിടാം എന്നത്. ഇരുന്നൂറ്റിയൻപതോളം ആടുകളാണ് ഇങ്ങനെ ഗൂഗിളിന്റെ മുറ്റം വെടിപ്പാക്കാൻ ഇടയ്ക്കിടെ കാലിഫോർണിയയിലെ ഓഫീസ് പരിസരത്ത് എത്തുന്നത്.



## നായയ്ക്കു പകരം ആസ്ട്രോ



വീട്ടിനുള്ളിൽ നായ്ക്കുട്ടികളെ വളർത്തുന്നതിനുപകരം, ഏതാണ്ട് അതേ വലുപ്പമുള്ളൊരു റോബോട്ടിനെ വളർത്തിയാലോ! ആമസോണിന്റെ ഏറ്റവും പുതിയ ആവിഷ്കാരം ആസ്ട്രോ അങ്ങനെയൊരു റോബോട്ടാണ്. വളർത്തുനായ്ക്കളെപ്പോലെതന്നെ, വീട്ടിൽ ആരെങ്കിലും വന്നോ എന്നു നോക്കി ഉടമയെ അറിയിക്കാൻ ഇവനു കഴിയും. ആമസോണിന്റെ 'ഇക്കോ' കുടുംബത്തിലെ വോയ്സ് അസിസ്റ്റൻസ് (അലക്സ)-കണക്ടഡ് ഡിവൈസുകളുമായി സാമ്യമുള്ള സാങ്കേതിക സ്വഭാവം തന്നെയാണ് ആസ്ട്രോയ്ക്ക്. സ്വയം സഞ്ചരിക്കാൻ ശേഷിയുള്ളതാണ് ഇക്കോ എന്നും പറയാം. രണ്ട് ചക്രങ്ങളിലാണ് യാത്ര. കതകിന്റെ കട്ടിളപ്പടിയോ ചവിട്ടുമെത്തയോ ഒക്കെ കടന്നുപോകാനാകുന്ന വലുപ്പമുള്ളതാണ് ചക്രങ്ങൾ. ശരീരത്തിൽ മുഖമായി നിൽക്കുന്നത് വലിയൊരു സ്ക്രീനാണ് (10 ഇഞ്ച്). അതിൽ ക്യാമറയും സെൻസറുകളുമാണുള്ളത്. 42 ഇഞ്ച് വരെ ഉയരത്തിൽ ക്യാമറതല എത്തിക്കാനുള്ള പെരുസ്കോപ്പിക് സംവിധാനമുണ്ട്. സംഗതി ഇപ്പോൾ അമേരിക്കയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. വില 1000 ഡോളർ (75,000 രൂപ).


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# ഞങ്ങളും പരീശന്മാരും



**യോ**ഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ അടുത്തുവന്നു ചോദിച്ചു: 'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു. നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്ത്?' യേശു അവരോടു പറഞ്ഞത്: 'മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ദുഃഖിപ്പാൻ കഴികയില്ല. മണവാളൻ പിരിഞ്ഞു പോകേണ്ടുന്ന നാൾ വരും. അന്ന് അവർ ഉപവസിക്കും'.

യോഹന്നാന്റെ ശിഷ്യന്മാർ പറഞ്ഞതിലെ ഒരു പദപ്രയോഗം ശ്രദ്ധിച്ചോ? 'ഞങ്ങളും പരീശന്മാരും'. ഉപവാസത്തോടുള്ള ബന്ധത്തിൽ അന്നത്തെ മത, ആത്മീയലോകത്തെ അവലോകനം ചെയ്ത യോഹന്നാന്റെ ശിഷ്യന്മാർ ഒരു കാര്യം കണ്ടെത്തി–തങ്ങളും പരീശന്മാരും ഒരേ ചേരിയിലാണ്. യേശുവും ശിഷ്യന്മാരും മറുചേരിയും.

സത്യത്തിൽ യോഹന്നാന്റെ ശിഷ്യന്മാർ പരീശന്മാരോടൊപ്പം ഒരേ കള്ളിക്കുള്ളിൽ ആയിരിക്കേണ്ടവരാണോ? അല്ല.

പഴയ യഹൂദമതത്തെ നൂറുശതമാനവും പ്രതിനിധാനം ചെയ്തവരായിരുന്നു പരീശന്മാർ. വാസ്തവത്തിൽ യോഹന്നാനും ആ യഹൂദമതത്തിലെ ഒരു പുരോഹിതന്റെ മകനും ഭാവിയിൽ പുരോഹിതനാകേണ്ട ആളുമായിരുന്നു (ലൂക്കോ.1:5,13). എന്നാൽ യോഹന്നാൻ യഹൂദമതത്തോടു കലഹിച്ചു പുതിയ ഒരു മുന്നേറ്റം ആരംഭിക്കുകയാണു ചെയ്തത്.



യോഹന്നാൻ ആരംഭിച്ച പുതിയ പ്രസ്ഥാനം നിലവിലിരുന്ന യഹൂദമതത്തിൽ നിന്നും വേറിട്ട ഒന്നായിരുന്നു. കാരണം, യഹൂദമതത്തിന്റെ എല്ലാ മതപരമായ പ്രവർത്തനങ്ങളും വിശുദ്ധനഗരമായ' യെരുശലേമിലെ 'വിശുദ്ധ ദേവാലയ'ത്തെ കേന്ദ്രീകരിച്ചായിരുന്നു. എന്നാൽ യോഹന്നാൻ തന്റെ ശുശ്രൂഷ വിശുദ്ധ നഗരത്തിനു പുറത്ത് ആരംഭിച്ചത് 'മരുഭൂമിയിലാണ്' (ലൂക്കോ.3:2). അതുപോലെ യഹൂദമതത്തിലെ ഒരു പുരോഹിതസ്ഥാനി എന്ന നിലയിൽ യോഹന്നാൻ ധരിക്കേണ്ടിയിരുന്നത് പഞ്ഞിനൂൽകൊണ്ടും മറ്റുമുള്ള പൗരോഹിത്യവസ്ത്രമാണ് (ലേവ്യ.6:10; പുറ.28:4,5,40,41). എന്നാൽ യോഹന്നാൻ ധരിച്ചത് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പായിരുന്നു (മർക്കോ.1:6). ലേവ്യാനിയമം അനുസരിച്ച് അശുദ്ധമൃഗമെന്ന നിലയിൽ യഹൂദനു തീർത്തും നിഷിദ്ധമായിരുന്നു ഒട്ടകം എന്നോർക്കുക (ലേവ്യ 11:4). അങ്ങനെയെങ്കിൽ വസ്ത്രമായി ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പുതന്നെ തിരഞ്ഞെടുത്തതിലൂടെ യോഹന്നാൻ നൽകുന്ന സൂചന വ്യക്തമല്ലേ? അതുപോലെ നേരിയ മാവ്, യാഗമൃഗത്തിന്റെ മാംസം തുടങ്ങിയവ അടങ്ങിയ 'പുരോഹിത ഭക്ഷണ'മാണ് (ലേവ്യ.6:16–18,25,26, 7:31–34) യോഹന്നാന്റെ ആഹാരമായിരിക്കേണ്ടത്. മറിച്ച് അതുമായി ഒരു താരതമ്യവുമില്ലാത്ത ഭക്ഷണമാണു യോഹന്നാൻ കഴിച്ചിരുന്നത് (മർക്കോ.1:6). ഇവയെല്ലാം വിരൽ ചൂണ്ടുന്നത് യഹൂദമതത്തിൽ നിന്നു തീർത്തും വ്യത്യസ്തമായ പുതിയൊരു മുന്നേറ്റമാണ് യോഹന്നാൻ ആരംഭിച്ചതെന്നല്ലേ?

യോഹന്നാൻ ആരംഭിച്ച പുതിയ പ്രസ്ഥാനം യേശുവിലേക്ക് ആളുകളെ നയിക്കാനുള്ളതായിരുന്നു (യോഹ.1:37). യേശു, മണവാളനും യോഹന്നാനും ശിഷ്യരും മണവാളന്റെ സ്നേഹിതരും എന്നതായിരുന്നു സങ്കൽപ്പം. യോഹന്നാൻ തന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടല്ലോ (യോഹ.3:29). മണവാളനില്ലാതെ മണവാളന്റെ സ്നേഹിതർക്ക് എന്താണ് പ്രസക്തി? ചുരുക്കത്തിൽ യോഹന്നാന്റെ പ്രസ്ഥാനത്തിന്റെ കേന്ദ്രം യേശുവായിരിക്കാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്.

എന്നാൽ തുടക്കത്തിൽ നമ്മൾ കണ്ടതുപോലെ (മത്താ.9:14–15) യോഹന്നാന്റെ ശിഷ്യന്മാർക്ക് ഇപ്പോൾ യേശു എതിർചേരിയിലാണ്. ഫലം അവരുടെ പ്രസ്ഥാനവും ഒരു 'മത'മായി മാറി. യേശുവിനെ കൂടാതെ ദൈവത്തിനായി ചിലതു ചെയ്യുന്നതാണു മതം. യോഹന്നാന്റെ മുന്നേറ്റത്തിന്റെ കാതൽ ആകേണ്ടിയിരുന്ന യേശുവുമായി ബന്ധമില്ലാതെ യോഹന്നാന്റെ ശിഷ്യന്മാർ ഉപവസിക്കുന്നു. പരീശന്മാർക്കും യേശുവുമായി ബന്ധമില്ല. പക്ഷേ ഉപവാസം അവർക്കുമുണ്ട്. അതുകൊണ്ട് യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ഇപ്പോൾ ഒരേ ചേരിയിലാണ്. ഇതുകൊണ്ടാണ് അവർ യേശുവിനോട് ചോദിക്കുന്നത് 'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു. നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതെന്ത്?' എന്ന്.

യേശുവിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല. പക്ഷേ അവർക്ക് യേശുവുണ്ട്. പഴയ മതമായ പരീശന്മാരുടെ യഹൂദമതത്തിനും പുതിയ മതമായ യോഹന്നാന്റെ ശിഷ്യന്മാരുടെ പ്രസ്ഥാനത്തിനും ഉപവാസമെന്ന അനുഷ്ഠാനമുണ്ട്. പക്ഷേ ക്രിസ്തുവില്ല. യേശുവിന്റെ ശിഷ്യന്മാർക്ക് ഉപവാസമില്ല. എന്നാൽ ക്രിസ്തുവിന്റെ സജീവസാന്നിധ്യം അവർക്കൊപ്പമുണ്ട്.

പുതിയനിയമ വിശ്വാസികളായ നാം ഇന്നു വിളിക്കപ്പെട്ടിരിക്കുന്നത് യോഹന്നാൻ സ്നാപകന്റെ ശിഷ്യരായിരിക്കാനല്ല, മറിച്ച് യേശുവിന്റെ ശിഷ്യരായിരിക്കാനാണ്. ഇതിന്റെ അർത്ഥം നമുക്ക് ഉപവാസം വേണ്ടന്നാണോ? അല്ല. താൻ അക്ഷരികമായി ഒപ്പമില്ലാത്ത സമയത്തു തന്റെ ശിഷ്യന്മാർ ഉപവസിക്കും എന്ന് യേശുതന്നെ പറഞ്ഞിട്ടുണ്ടല്ലോ (മത്താ.9:15). ഉപവാസത്തിന്റെ ആവശ്യകതയിലേക്കും പ്രാധാന്യത്തിലേക്കും യേശു വിരൽ ചൂണ്ടിയിട്ടുമുണ്ട് (മത്താ.17:21, 6:16). യേശു സ്വർഗ്ഗാരോഹണം ചെയ്ത ശേഷം ശിഷ്യന്മാർ ഉപവാസം അനുഷ്ഠിച്ചതായും അപ്പോസ്തലന്മാരുടെ നടപടികളിൽ വായിക്കാം (അ.പ്ര.13:2,3, 14:23). ചുരുക്കത്തിൽ ഉപവാസം ആവശ്യം തന്നെ. എന്നാൽ നാം ഉപവസിക്കേണ്ടത് ക്രിസ്തുശിഷ്യരെപ്പോലെയാണ്, യോഹന്നാന്റെ ശിഷ്യന്മാരെപ്പോലെയല്ല.

ഇന്നു വിശ്വാസഗോളത്തിൽ ഉപവാസങ്ങൾ ധാരാളം നടക്കുന്നുണ്ട്. അവയെ പലരും 'മേള'കളും 'ഉത്സവങ്ങളും' ആക്കി മാറ്റിയിരിക്കുകയാണ്. യേശു ഉപവാസത്തിൽ അനുതാപത്തിനും, മാനസാന്തരത്തിനുമാണ് ഊന്നൽ നൽകിയത്. പക്ഷേ ഇന്ന് ഉപവാസത്തെ 'ഉത്സവ'വും 'ആഘോഷവു'മാക്കി മാറ്റിയപ്പോൾ യേശു നൽകിയ ഊന്നലിനെ അപ്പാടെ നിഷേധിക്കുകയല്ലേ ചെയ്യുന്നത്? യേശുവിന് കേന്ദ്രസ്ഥാനമില്ലാത്ത, മതരപരമായ ഒരു അനുഷ്ഠാനം പോലെയാണ് ഈ ഉപവാസമേളകളെങ്കിൽ അത് യോഹന്നാന്റെ ശിഷ്യരുടെ ഉപവാസം പോലെയാണെന്നു പറയേണ്ടിവരും.

'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു' എന്നു യോഹന്നാന്റെ ശിഷ്യന്മാർ പറയുന്നിടത്ത് പ്രശംസയും പ്രദർശന മനോഭാവവും ഉണ്ട്. നോട്ടീസടിച്ചു പരസ്യം ചെയ്തു നടത്തുന്ന ഇന്നത്തെ 'ഉപവാസമേള'കളിലും ഈ പ്രദർശനപരത വളരെ പ്രകടമാണ്. ഉപവസിക്കുന്നത് രഹസ്യത്തിലായിരിക്കണമെന്ന യേശു നൽകിയ കൽപ്പന എത്രപേർ പാലിക്കുന്നുണ്ട് (മത്താ.6:16–18).

ഭൗതീക കാര്യങ്ങളിൽ നിന്ന് നമ്മുടെ ശ്രദ്ധ മാറ്റി ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നത് വളരെ അധികം ഫലം ചെയ്യുന്നതാണ്. ഉപവസിക്കുന്നത് നമ്മുടെ കാര്യസാധ്യത്തിന് വേണ്ടി ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഉപവാസം കൊണ്ട് സാധിക്കേണ്ടത് നമ്മുടെ ജീവിതത്തിന്റെ മാറ്റമാണ്; ദൈവത്തെയോ ദൈവഹിതത്തെയോ മാറ്റുവാനുള്ള ഉപാധിയല്ല ഉപവാസം. മറ്റുള്ളവരെക്കാൾ ഭക്തിയുള്ള ആളാണ് ഞാൻ എന്ന് വെളിപ്പെടുത്തുവാനും ഉപവാസം ഉപയോഗിച്ചുകൂടാ. താഴ്മയോടും സന്തോഷത്തോടും കൂടി വേണം നാം ഉവസിക്കുവാൻ എന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. "ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിളങ്ങേണ്ടതിന് മുഖം വിരൂപമാക്കുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിന് തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ ദൈവം നിനക്ക് പ്രതിഫലം നൽകും" (മത്താ.6:16–18).



# കടന്നുപോന്ന വഴികൾ

**'ഓ**ർമിക്കുക, നിങ്ങൾ മരിക്കും എന്നുള്ള ഒരു സന്ദേശം നമുക്കാർക്കും ഒരിക്കലും ലഭിച്ചു എന്നുവരില്ല. എന്നിരുന്നാലും ഇടയ്ക്കിടയ്ക്ക് ഈ സന്ദേശം ഓർക്കുകയും സ്വന്തം ജീവിതത്തിലേക്കു നാം പിന്തിരിഞ്ഞു നോക്കുകയും വേണം. കാരണം, കടന്നുപോന്ന വഴികൾ ഏവയാണെന്നു നാം അറിയുന്നില്ലെങ്കിൽ മുന്നോട്ടുള്ള യാത്രയിൽ നമുക്കു വഴി തെറ്റുമെന്നു തീർച്ച.

നന്മയുടെ പാതയിലൂടെയാണ് നാം ചലിക്കേണ്ടത്; വിശുദ്ധിയുടെ പരിമളം പടരുന്ന വീഥിയിലൂടെയാണു നീങ്ങേണ്ടത്. എന്നാൽ ഇതുവരെയുള്ള നമ്മുടെ യാത്ര എപ്രകാരമായിരുന്നു എന്നു പിന്തിരിഞ്ഞു നോക്കാതിരുന്നാൽ മുന്നോട്ടുള്ള യാത്ര ഏറെ ക്ലേശകരമായി മാറുമെന്നു തീർച്ചയാണ്.



ജീവിതത്തിലെ തെറ്റുകളും കുറ്റങ്ങളും എപ്പോൾ സ്വയം അംഗീകരിക്കുന്നുവോ അപ്പോൾത്തന്നെ അവയിൽനിന്നുള്ള നമ്മുടെ മോചനവും ആരംഭിക്കുന്നു എന്നതാണ് വസ്തുത. ഒരു മാന്ത്രികക്കൊട്ടാരത്തെക്കുറിച്ചു വായിച്ച കഥ ഇവിടെ കുറിക്കട്ടെ.

അന്ധകാരനിബിഢമായ ഒരു രാത്രിയിൽ വഴിതെറ്റി ഒരു യാത്രക്കാരൻ അലയുകയായിരുന്നു. പെട്ടെന്നു തൊട്ടടുത്ത ദീപാലംകൃതമായ ഒരു മനോഹര കൊട്ടാരം അയാൾക്കു ദൃശ്യമായി. സന്തോഷപൂർവ്വം അയാൾ അവിടെ ഓടിക്കയറി. അയാൾക്കു കിട്ടിയ സ്വീകരണം അതിഹൃദ്യമായിരുന്നു. സന്തോഷാധികൃത്താൽ അയാൾ തുള്ളിച്ചാടി.

രാജകീയമായ ആ കൊട്ടാരത്തിൽ അയാൾ വിശ്രമിക്കുമ്പോൾ ഒട്ടേറെയാളുകൾ വഴിതെറ്റി ക്ഷീണിച്ചവശരായി നടന്നുപോകുന്നത് അയാൾ കണ്ടു. അവരാരും വിശ്രമത്തിനായി ആ കൊട്ടാരത്തിലേക്കു വരാത്തതെന്താണെന്ന് അയാൾ അത്ഭുതപ്പെട്ടു. അവിടെയങ്ങനെയൊരു കൊട്ടാരമുള്ളതായിപ്പോലും മനസ്സിലാക്കാതെയാണ് വഴിപോക്കരെല്ലാം നടന്നുനീങ്ങുന്നതായി കണ്ടത്.

ഉടനേ അയാൾ കൊട്ടാരത്തിലെ പരിചാരകരോടു കാര്യം തിരക്കി. അവർ പറഞ്ഞു: ഇതൊരു മാന്ത്രിക കൊട്ടാരമാണ്. തനിക്കു വഴിതെറ്റിയെന്നും നേരായ വഴി കണ്ടെത്തി അതിലൂടെ പോകണമെന്നും ആഗ്രഹിക്കുന്ന വ്യക്തിക്കു മാത്രമേ ഈ മാന്ത്രിക വിശ്രമസങ്കേതം കാണാനാവൂ. താങ്കൾക്കു വഴിതെറ്റി എന്നു സ്വയം ബോധ്യമായതുകൊണ്ടും ശരിയായ വഴി കണ്ടെത്താൻ ആഗ്രഹിച്ചതുകൊണ്ടുമാണ് താങ്കൾക്ക് ഈ മാന്ത്രിക കൊട്ടാരത്തിൽ വരാൻ സാധിച്ചത്."

മാന്ത്രിക കൊട്ടാരത്തിന്റെ ഈ കഥ വെറും ഭാവനാസൃഷ്ടി തന്നെ. എന്നിരുന്നാലും ഇതു നമ്മെ ഓർമ്മിപ്പിക്കുന്ന സത്യം വിലപ്പെട്ടതാണ്. ജീവിതത്തിൽ തെറ്റുപറ്റിയെന്നു സ്വയം അംഗീകരിക്കുന്ന നിമിഷം നമ്മെ നേർവഴിയിലെത്തിച്ച് അതിലൂടെ നടത്താൻ കരുണാസമ്പന്നനായ ദൈവം എപ്പോഴും തയാറാണ് എന്നതാണു സത്യം.

നാമെല്ലാവരും എപ്പോഴും നന്മയുടെ പന്ഥാവിലൂടെ നടക്കണമെന്നാണു ദൈവത്തിന്റെ ആഗ്രഹം. കാരണം, നന്മയുടെ വഴിയിലൂടെ നടന്നാൽ മാത്രമേ നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകൂ എന്നതുതന്നെ.

എന്നാൽ നന്മയുടെ പാതയിൽ നിന്നു വല്ലപ്പോഴും അകന്നുപോകാനിടയായാൽ നാം അതേക്കുറിച്ചോർത്തു നിരാശരാകേണ്ട. എത്രയും വേഗം നമ്മുടെ തെറ്റുകൾ ഏറ്റുപറഞ്ഞു നന്മയുടെ പാതയിലേക്കു തിരികെ വന്നാൽ മതി. അതോടൊപ്പം വീണ്ടും വഴിതെറ്റിപ്പോകില്ലെന്നുറപ്പുവരുത്താൻ ജീവിതത്തിൽ കാതലായ പരിവർത്തനങ്ങളും വരുത്തണം. ദൈവത്തിന്റെ സഹായത്തിലടിയുറച്ചു നിന്നുകൊണ്ടാണ് ജീവിതത്തിൽ പരിവർത്തനങ്ങൾ വരുത്താനും നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യാനും നാം ശ്രമിക്കുന്നതെങ്കിൽ തീർച്ചായായും നാം വിജയം വരിക്കും.






# പ്രതിധ്വനി

ഒരിക്കൽ ഒരച്ഛനും മകനും കൂടി ഒരു പാറക്കെട്ടിനടുത്തു കൂടി നടന്നുപോവുകയായിരുന്നു. അച്ഛന്റെ കണ്ണുവെട്ടിച്ച് മകൻ പാറക്കെട്ടിന് താഴേക്ക് ഇറങ്ങി. വശങ്ങളിൽ പിടിച്ചുപിടിച്ച് അവൻ ചുറ്റും പാറക്കെട്ടുകളുള്ള ഒരു സ്ഥലത്തെത്തി.

തിരിച്ചുകയറാൻ നോക്കുമ്പോഴാണവൻ അത് ശ്രദ്ധിച്ചത്. ചുറ്റും ചെങ്കുത്തായ പാറ. പേടിച്ചുപോയ അവൻ ഉറക്കെ വിളിച്ചു: "അച്ഛാ...!"

അപ്പോഴതാ അതേപോലെ ഒരു ശബ്ദം: "അച്ഛാാാ!"

അതുകേട്ട് അവൻ അമ്പരന്നു. 'ങേ, തന്നെപ്പോലെ ആരോ ഈ സ്ഥലത്തുണ്ടല്ലോ.'

അവൻ വിളിച്ചുചോദിച്ചു: "ആരാണത്?"

അപ്പോൾ തിരിച്ചും അതേ ചോദ്യം: "ആരാണത്?"

"നീ പുറത്തേക്കുവാ?", അവൻ വിളിച്ചുപറഞ്ഞു. അപ്പോൾ അതേപോലെ മറുപടി: "നീ പുറത്തേക്കുവാ?"

ഇതുകേട്ട് അവന് ദേഷ്യം വന്നു:

"അത്രയ്ക്കായോ? ഞാനങ്ങോട്ടുവന്നാൽ കാണിച്ചുതരാം?"

തിരിച്ചും അതേ മറുപടിതന്നെ വന്നു.

ഈ ശബ്ദം കേട്ടാണ് അവന്റെ അച്ഛൻ അങ്ങോട്ടുവന്നത്. "അച്ഛാ, ദേ, അവിടാരോ ഒളിഞ്ഞിരിപ്പുണ്ട്. ഞാൻ പറയുന്നതിന് തർക്കുത്തരം പറഞ്ഞുകൊണ്ട് അവനെന്നോട് ദേഷ്യപ്പെടുകയാ!"

"ഹ!ഹ! നീ ദേഷ്യപ്പെടാതെ അവൻ മിടുക്കനാണെന്ന് ചുമ്മാതെ പറഞ്ഞുനോക്ക്". അച്ഛൻ അവനെ പ്രോത്സാഹിപ്പിച്ചു. അപ്പോൾ അവൻ വിളിച്ചുപറഞ്ഞു: "നീയൊരു മിടുക്കൻ തന്നെയാ!"

അപ്പോൾ അതേ മറുപടി വന്നു:

"ങേ, അവനെന്നെ മിടുക്കൻ എന്നു വിളിച്ചു!", മകന് സന്തോഷമായി.

അച്ഛൻ അവന്റെ തോളിൽ തട്ടിയിട്ട് പറഞ്ഞു: "മോനേ, ശരിക്കും അവിടാരുമില്ല. നിന്റെ ശബ്ദം പാറയിൽത്തട്ടി തിരികെവരുന്ന ശബ്ദമാണത്. ആളുകൾ ഇതിനെ പ്രതിധ്വനി എന്നു പറയും. എന്നാൽ ഇതൊരു ജീവിതപാഠമാണ്. നമ്മൾ എന്തു പറയുന്നോ, ചെയ്യുന്നോ, അതെല്ലാം നമുക്ക് തിരികെ കിട്ടും എന്ന പാഠം!, അച്ഛൻ തുടർന്നു: "നമ്മുടെ പ്രവൃത്തികളുടെ പ്രതിധ്വനിയാണ് നമുക്ക് മറ്റുള്ളവരിൽ നിന്ന് തിരികെ കിട്ടുന്നത്. നിന്നെ എല്ലാവരും സ്നേഹിക്കണമെന്നുണ്ടെങ്കിൽ നീ എല്ലാവരെയും സ്നേഹിക്കണം. നീ ദേഷ്യമാണ് കാണിക്കുന്നതെങ്കിൽ മറ്റുള്ളവരും ദേഷ്യത്തോടെയെ നിന്നോട് പെരുമാറൂ!" അച്ഛൻ പറഞ്ഞത് ശരിയാണെന്ന് അവനു തോന്നി. വൈകാതെ അവർ പാറക്കെട്ട് കയറി വീട്ടിലേക്ക് മടങ്ങി.




## SALUBRIOUS

ചില സ്ഥലത്തെ കാലാവസ്ഥ ആരോഗ്യത്തിന് വളരെ നല്ലതാണെന്ന് പറയാറില്ലേ. ഇങ്ങനെ 'ആരോഗ്യത്തിന് ഗുണമുള്ളത്' എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ഇംഗ്ലീഷ് വാക്കാണ് salubrious. 'സലൂബ്രിയസ്' എന്നാണിത് ഉച്ചരിക്കേണ്ടത്.



ഉദാഹരണം: 'salubrious weather' (ആരോഗ്യത്തിന് അനുകൂലമായ കാലാവസ്ഥ), 'salubrious living condition' (ആരോഗ്യത്തിന് അനുകൂലമായ ജീവിത സാഹചര്യം).

ഏതു നിമിഷവും മാറിമറിയാൻ സാധ്യതയുള്ളത് എന്ന അർത്ഥത്തിൽ ഇംഗ്ലീഷിൽ പ്രയോഗിക്കുന്ന വാക്കാണ് 'volatile'. 'വൊലറ്റയിൽ' എന്നാണ് ഉച്ചാരണം. ഉദാഹരണത്തിന് 'volatile weather' (ഏതു നിമിഷവും മാറിമറിയാൻ സാധ്യതയുള്ള കാലാവസ്ഥ).

എങ്ങനെ പ്രതികരിക്കും എന്ന് മുൻകൂട്ടി പറയാൻ കഴിയാത്ത ഒരു വ്യക്തിയെ വിശേഷിപ്പിക്കാനും 'volatile' എന്ന വാക്ക് ഉപയോഗിക്കും.



'haliucination' (ഹലൂസിനെയ്ഷൻ) എന്ന വാക്ക് പലരും കേട്ടിരിക്കും. ഇല്ലാത്തത് ഉണ്ട് എന്ന തോന്നൽ ഉണ്ടാകുന്ന അവസ്ഥയാണ് 'haliucination'.

## INDEFATIGABLE

തളരാതെ ഒരു കാര്യം ചെയ്യുന്നയാളെ വിശേഷിപ്പിക്കുന്ന വാക്കാണ് 'Indefatigable'. 'ഇൻഡിഫാറ്റിഗബിൽ' എന്നാണിത് ഉച്ചരിക്കേണ്ടത്.

Irresistible എന്ന വാക്ക് കേട്ടിട്ടുണ്ടോ. 'ഇറെസിസ്റ്റബിൾ' എന്നാണിത് ഉച്ചരിക്കുക. 'തടുക്കാനാവാത്ത', നിരസിക്കാനാവാത്ത എന്നൊക്കെയാണ് ഇതിന്റെ അർത്ഥം.

# ക്ലബ്ഹൗസിൽ ശ്രദ്ധിക്കാനുള്ളത്




മലയാളികൾക്കിടയിൽ തരംഗമായി മാറുകയാണ് ക്ലബ്ഹൗസ് എന്ന സാമൂഹിക മാധ്യമം. ഇത് ഗെയിമിങ് ആപ്ലിക്കേഷൻ അല്ല. ഫേസ്ബുക്കും ടിറ്ററും ഇൻസ്റ്റഗ്രാമും തുടങ്ങിയ നിരവധി സാമൂഹിക മാധ്യമങ്ങൾ പോലെയുള്ള ഒരു പ്ലാറ്റ്ഫോമും അല്ല. ഓഡിയോ ചാറ്റ് ആപ്ലിക്കേഷനാണ് ക്ലബ്ഹൗസ്. ഉപയോക്താക്കൾക്ക് വിവിധ വിഷയങ്ങളിൽ ആളുകൾ നടത്തുന്ന സംഭാഷണങ്ങൾ, അഭിമുഖങ്ങൾ, ചർച്ചകൾ എന്നിവ കേൾക്കാം.

ഒരുതരത്തിൽ പറഞ്ഞാൽ പോഡ് കാസ്റ്റ് പോലെയൊരു സംവിധാനം. ക്ലബ്ഹൗസിലെ സംഭാഷണങ്ങളെല്ലാം തത്സമയം കേൾക്കാം. വ്യാപകമായ തലത്തിൽ ഇത് ദുരുപയോഗം ചെയ്യപ്പെടാനിടയുണ്ടെന്നതിനാൽ ശ്രദ്ധിക്കേണ്ടതുണ്ട്. ജനപ്രീതിയുടെ കാര്യത്തിൽ വൻ കുതിച്ചുചാട്ടം ഉണ്ടായിരുന്നിട്ടും ക്ലബ്ഹൗസ് ആപ്ലിക്കേഷന് ചില അടിസ്ഥാന സ്വകാര്യതയും സുരക്ഷാ പരിരക്ഷകളും ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഏത് വിദ്വേഷ സംഭാഷണവും ഭീഷണിപ്പെടുത്തലും ക്ലബ്ഹൗസിന്റെ സമൂഹ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് പറയുന്നു. ഒരു പ്രശ്നമുണ്ടെങ്കിൽ ഉപയോക്താക്കൾക്ക് നിർദ്ദിഷ്ട അധികൃതർക്ക് റിപ്പോർട്ടു ചെയ്യാനാകുമെന്ന് അവർ അവകാശപ്പെടുന്നു. മാർച്ച് 12-ന് പ്ലാറ്റ്ഫോം ആപ്ലിക്കേഷനിൽ കൂടുതൽ വിശ്വാസ്യതയും സുരക്ഷ മെച്ചപ്പെടുത്തലുകളും ക്ലബ്ഹൗസ് പുറത്തിറക്കിയിരുന്നു. ഡേറ്റാ പരിരക്ഷണത്തിനും ഉപയോക്താക്കളുടെ സ്വകാര്യതയ്ക്കും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ക്ലബ്ഹൗസ് പറയുന്നു. എന്നാൽ, ഞങ്ങളുടെ ഡേറ്റാ പരിരക്ഷണം കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുന്ന കുറച്ച് മേഖലകൾ ആപ്ലിക്കേഷൻ തിരിച്ചറിഞ്ഞിട്ടുണ്ട് എന്ന് ഒരു വക്താവ് സമ്മതിക്കുന്നു.




**അന്ധമായ സമ്മതം:** നിങ്ങൾക്ക് മറ്റുള്ളവരെ ക്ഷണിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ, നിങ്ങളുടെ കോൺടാക്റ്റുകളുടെ പട്ടിക ക്ലബ്ഹൗസ് എടുക്കും. നിങ്ങളുടെ സമ്മതമില്ലാതെ ഓരോരോ കോൺടാക്റ്റിനും ഓരോ റാങ്ക് നൽകുന്നു. ഇത് ഗ്രൂപ്പിൽ വിവേചനമുണ്ടാക്കുന്നു. നിങ്ങൾ കോൺടാക്റ്റിൽ തടഞ്ഞ ആളുകൾ നിങ്ങളുടെ സമ്മതമില്ലാതെ നിങ്ങളുടെ ഗ്രൂപ്പിൽ വരുന്നു. ക്ലബ്ഹൗസ് ഐഡികൾ ഉപയോക്താവിന്റെ പ്രൊഫൈലുകളുമായി ബന്ധിപ്പിക്കാൻ സാധ്യതയുണ്ട്, അതിനർത്ഥം നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് താൽപ്പര്യമുള്ള വിഷയങ്ങൾ, നിങ്ങൾ ആരോടാണ് സംസാരിക്കുന്നത് എന്നിവ ഉൾപ്പെടെ നിങ്ങളുടെ ഡേറ്റ നിങ്ങളുടെ സമ്മതമില്ലാതെ എടുക്കാൻ കഴിയും.

**ആൾമാറാട്ടം:** ക്ലബ്ഹൗസിൽ വ്യാപകമായി ഐഡികൾ രജിസ്റ്റർ ചെയ്യപ്പെടുകയാണ്. ഫേസ്ബുക്കിലെ അടക്കം പ്രശസ്തരുടെ അടക്കം പേരുകളിൽ അക്കൗണ്ട് ഉണ്ടാക്കിയിട്ടുണ്ട്. അതിനാൽ ഈ പ്രശസ്തരുടെ അക്കൗണ്ടുകൾ ശരിയാണോ എന്ന് അവരുടെ ക്ലബ്ഹൗസിലെ ആരാധകർ ശ്രദ്ധിക്കേണ്ടതുണ്ട്. ക്ലബ്ഹൗസിൽ അംഗത്വമെടുത്തവർ ഇത് സുരക്ഷിത പ്ലാറ്റ്ഫോമാണ് എന്ന് കരുതുന്നുണ്ടാകാം. പ്രത്യേകിച്ചും ആരാണ് നിങ്ങളെ ഇതിലേക്ക് ക്ഷണിച്ചത് എന്ന വിവരം ലഭ്യമായിട്ടുള്ളപ്പോൾ. പക്ഷേ,വെർച്വൽ നമ്പറുകൾ, നിയമ വാഴ്ചയില്ലാത്ത രാജ്യങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിന്നുള്ള നമ്പറുകൾ ഉപയോഗിച്ചാൽ പലപ്പോഴും ഉറവിടം കണ്ടെത്താൻ പറ്റാത്ത അക്കൗണ്ടുകൾ സൃഷ്ടിക്കാം. അതിനാൽത്തന്നെ ഒരു അക്കൗണ്ടിനെയും അമിതമായി വിശ്വസിക്കരുത്. മറ്റ് ഏതൊരു സോഷ്യൽ മീഡിയയുടെ സുരക്ഷിതത്വമെ ഇവിടെയും ലഭ്യമാകൂ.

**ശബ്ദതട്ടിപ്പുകൾ:** സ്ത്രീകളുടെ ശബ്ദം പുരുഷന്റേതാക്കുന്നതിനും തിരിച്ചും ഉള്ള ആപ്പുകൾ ലഭ്യമാണ്. മിക്കവാറും സെലിബ്രിട്ടി ഒക്കെ നേരിട്ട് സംസാരിക്കുന്ന തരംതട്ടിപ്പുകൾ വരാൻ സാധ്യതയുണ്ട്. നിലവിൽ ക്ലബ്ഹൗസുകൾ പ്രാരംഭ കാലത്താണ് എന്ന് പറയാം. കൂടുതൽ അറിയാനിരിക്കുന്നതെയുള്ളൂ. നേരിൽ പരിചയമില്ലാത്ത ആരേയും ഇൻവൈറ്റ് ചെയ്യാതിരിക്കുക. ക്ലബുകൾ വഴി സാമ്പത്തിക ഇടപാടുകൾ, പണം കൈമാറ്റം എന്നിവ ചർച്ച ചെയ്യാതിരിക്കുക.





# ദൈവഭക്തി




ഹൃദയത്തോടു ചേർന്ന് ഒരിടം. വളരെ അടുത്ത ഒരു ബന്ധം-ദൈവം അതാണു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. "വികാരാർദ്രവും ഉൽക്കടവുമായ ഒരു ബന്ധം ആഗ്രഹിക്കുന്ന ദൈവമാണ് അവിടുന്ന്" - (പുറപ്പാട് 34:14).

നമ്മിൽ നിന്ന് ഊഷ്മളമായ ബന്ധമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. "യഹോവയിൽ തന്നേ രസിച്ചു കൊൾക" (സങ്കീ.37:4). "ആരെങ്കിലും പ്രശംസിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ എന്നെ അറിയുന്നു, മനസ്സിലാക്കുന്നു എന്നതിൽ പ്രശംസിക്കട്ടെ..." (യിരെ.9:24).

അന്യോന്യമുള്ള ഈ ബന്ധത്തിൽ ഒരു ലാളിത്യമുണ്ട്, നൈർമല്യമുണ്ട്. ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന ഭക്തിയുടെ ലക്ഷണവും ഇതുതന്നെ. പൗലോസ് യഥാർത്ഥ ദൈവഭക്തിയെ ഇങ്ങനെ വിവരിക്കുന്നു simple, pure devotion- ലളിതവും നിർമ്മലവുമായ ഭക്തി (2 കൊരി.11:3).

മലയാളം ബൈബിൾ 'ദൈവഭക്തി'യെന്ന് ഉപയോഗിച്ചിരിക്കുന്ന പദത്തിന് ഇംഗ്ലീഷ് ബൈബിളിൽ രണ്ട് വ്യത്യസ്ത പ്രയോഗങ്ങൾ കാണാം-ദൈവഭയവും (fear of God) ഭക്തിയും (Devotion) ആണത്. പഴയനിയമത്തിൽ പൊതുവേ ദൈവത്തോടുള്ള മനുഷ്യരുടെ ബന്ധം ഭയത്തിൽ അധിഷ്ഠിതമായിരുന്നു. 'നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം' എന്നു പഴയനിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ആവ.6:5, 10:12, 30:6) ആ കാലഘട്ടത്തിൽ ദൈവത്തോട് അടുത്തുവന്ന ആരിലും മുന്നിട്ടു നിന്ന വികാരം ഭയമായിരുന്നു. എന്നാൽ പുതിയനിയമത്തിലേക്കു വരുമ്പോൾ അവിടെ ദൈവഭയം ഉണ്ടെങ്കിൽ തന്നെയും ദൈവത്തോടുള്ള സ്നേഹത്തിനാണു മുൻതൂക്കം. ദൈവത്തോടുള്ള ഭക്തിയിൽ ആരോഗ്യപരമായ ഭയവും സ്നേഹവും രണ്ടും അന്തർലീനമായിട്ടുണ്ടെന്നു കാണാം.



ഇങ്ങനെ പറയുമ്പോൾ ഇവിടെ ന്യായമായും ഒരു സംശയം വരാം. ഭയവും സ്നേഹവും ഒന്നിച്ചു സ്ഥിതി ചെയ്യുന്നതെങ്ങനെ? ഭയമുള്ളിടത്തു സ്നേഹമില്ല. സ്നേഹമുള്ളിടത്തു ഭയത്തിനു സ്ഥാനവുമില്ല. 'തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു' (1 യോഹ.4:18) എന്നാണല്ലോ. അങ്ങനെയെങ്കിൽ ഭക്തിയിൽ, ഭയവും സ്നേഹവും സഹവസിക്കുന്നതെങ്ങനെ?

ദൈവം സ്നേഹിക്കുന്ന അവിടുത്തെ മക്കളാണ് നാം. ദൈവത്തിന്റെ വലിപ്പത്തിനും സർവ്വശക്തിക്കും സർവ്വജ്ഞതയ്ക്കും മുൻപിൽ നാം ഒന്നുമില്ല. ഇക്കാര്യങ്ങൾ നമ്മിൽ ഒരു ഭയം (reverential fear) നിറയ്ക്കുന്നുണ്ട്. ദൈവഭക്തിയിൽ ദൈവസാന്നിധ്യബോധത്തിന്റെ അത്ഭുതാദരങ്ങൾ നൽകുന്ന ഒരു ഭയം (awesome wonder) ഉണ്ട്. ഒപ്പം സ്നേഹത്തിന്റെ ഊഷ്മളതയും ലാളിത്യവുമുണ്ട്. പുതിയ ഉടമ്പടിയിൽ യേശുവിലൂടെയാണു നമുക്കിതു ലഭ്യമായത്. "നമുക്കിപ്പോൾ ദൈവത്തോടുള്ള നമ്മുടെ അത്ഭുതകരമായ പുതിയ ബന്ധത്തിൽ ആഹ്ലാദിക്കാം-നമ്മെ ദൈവത്തിന്റെ സ്നേഹിതരാക്കിയതിലൂടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവാണു നമുക്കിതു സാധിച്ചു തന്നത്" (റോമ.5:11). ദൈവഭക്തി ആസ്വാദ്യകരമായ ഒരനുഭവമാക്കി തീർത്തത് യേശുക്രിസ്തുവാണ്.

എന്നാൽ ഇത്ര മഹത്തായ ദൈവഭക്തിക്ക് അന്ത്യകാലത്ത് സംഭവിക്കാവുന്ന അപചയത്തെക്കുറിച്ചും ദൈവവചനം നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും വമ്പു പറയുന്നവരും അഹങ്കാരികളും.... ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും" (2 തിമൊ.3:1-5). അന്ത്യകാലത്ത് ദൈവഭക്തിയുടെ ശക്തി നഷ്ടപ്പെടും. അതിന്റെ വേഷം മാത്രം നിലനിൽക്കും. ഇന്ന് ആ നിലയിലല്ലേ വിശ്വാസഗോളത്തിൽ കാര്യങ്ങൾ എത്തിനിൽക്കുന്നത്?

ഭക്തിയുടെ ശക്തി എന്താണ്? അത് രണ്ടു ഘടകങ്ങളാണെന്നു നാം കണ്ടു-ദൈവഭയവും സ്നേഹവും. ഇവ രണ്ടും അന്ത്യകാലത്തു നഷ്ടപ്പെടുന്നതിനെ തുടർന്നാണ് ഭക്തിയുടെ വേഷം മാത്രം അവശേഷിക്കുന്നതെന്നു മുകളിൽ പറഞ്ഞ വചനഭാഗം വ്യക്തമാക്കുന്നു. ആരോഗ്യകരമായ ഒരു ദൈവഭയത്തിന് ആവശ്യമുള്ളത് എന്താണ്? ദൈവത്തിൽ മാത്രം ഏകാഗ്രമായ ഒരു ഹൃദയവും വിഭജിക്കപ്പെടാത്ത സ്നേഹവുമാണ് അതിന് ആവശ്യം (സങ്കീ.86:11 അവസാനഭാഗം കാണുക). ദൈവത്തിനു മാത്രം നൽകിയിരുന്ന ആ ഹൃദയ സിംഹാസനം ഇപ്പോൾ സ്വയത്തിനു കൂടെ പങ്കുവയ്ക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ അന്ത്യകാലത്തു ഹൃദയം വിഭജിക്കപ്പെട്ടു പോയി. ഫലം ആരോഗ്യകരമായ ദൈവസ്നേഹവും ദൈവഭയവും നഷ്ടമായി.

ദൈവഭക്തിയുടെ ഘടകമായ സ്നേഹം നഷ്ടമായി എന്നതിലേക്കു 'ദൈവപ്രിയമില്ലാതെ' എന്ന പ്രയോഗം വിരൽചൂണ്ടുന്നു. അന്ത്യകാലത്തു സ്നേഹം തണുത്തുപോകുമെന്നും (മത്താ.24:12) ആദ്യസ്നേഹം നഷ്ടമാകുമെന്നും (വെളി.2:4) മറ്റു ഭാഗങ്ങളിലും വ്യക്തമാക്കിയിട്ടുണ്ടല്ലോ. ചുരുക്കത്തിൽ ദൈവസ്നേഹത്തിന്റെ ആ ലാളിത്യവും നഷ്ടമായി. ഫലം ദൈവഭക്തി പഴങ്കഥയായി മാറി.

ദൈവഭക്തിയുടെ ശക്തി നഷ്ടമായി അതിന്റെ വേഷം മാത്രം അവശേഷിച്ചിരിക്കുന്ന ഒരു കാലം. ശക്തി നഷ്ടമായതറിയാതെ പിന്നേയും ഉറക്കം തുടരുന്ന ശിംശോനെപ്പോലെയാണ് (ന്യായാ. 16:19,20) ഇന്നു വിശ്വാസഗോളത്തിൽ ഭൂരിപക്ഷവും. എന്നാൽ അതിനിടയിലും 'തൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ ആദായം' (1 തിമൊ.6:6) എന്നു തിരിച്ചറിയുന്ന ഒരു ന്യൂനപക്ഷവും ഉണ്ടായിരിക്കും. നാം ഇതിൽ ഏതു പക്ഷത്ത്?



# ഭാരത സംസ്കാരം

സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകമാണു ഭാരതത്തിനുള്ളത്. ഈ സമ്പന്നത ചിന്തയിലും വീക്ഷണത്തിലും പ്രകടമല്ല എന്നതാണ് സത്യം. സുന്ദരവും സുതാര്യവും സുഗമവുമായ കുടുംബജീവിതത്തിനുള്ള മാർഗരേഖയാണു സംസ്കാരത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള പുരുഷാർത്ഥസൂക്തം. ഇത് ആധുനിക സമൂഹത്തിലും പ്രസക്തമാണ്. പുരുഷാർത്ഥങ്ങൾ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണ്. മോക്ഷസങ്കല്പം ഈശ്വരവിശ്വാസികൾക്കു മാത്രമുള്ളതല്ല. നിരീശ്വർക്കുമുണ്ട് ഒരു മോക്ഷസങ്കല്പം. പക്ഷേ, അതു ഭൗതികം മാത്രമാണ്. അതിനു യുഗാന്ത്യോന്മുഖ സ്വഭാവമില്ല. ഈ ലോകം കൊണ്ടവസാനിക്കുന്നതാണ്. പുരുഷാർത്ഥപ്രാപ്തിക്ക്, ജ്ഞാനം, കർമ്മം, ഭക്തി എന്നീ പുരുഷാർത്ഥ സാധനകളുമുണ്ട്.

മോക്ഷപ്രാപ്തിക്കുള്ള ഒന്നാമത്തെ കാര്യം ധർമ്മമാണ്. ധർമ്മം അനുഷ്ഠിക്കാൻ കർമ്മം ചെയ്യണം. കർമ്മം ചെയ്യാൻ ജ്ഞാനം ആവശ്യമാണ്. ജ്ഞാനവും അറിവും തമ്മിലന്തരമുണ്ട്. ഒരു കാര്യത്തെപ്പറ്റി വെറുതെ മനസിലാക്കുന്നതും അനുഭവിച്ചു മനസിലാക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അമ്മയ്ക്ക് കുഞ്ഞിനോടു സ്നേഹമുണ്ടെന്നത് അറിവാണ്. എന്നാൽ, അമ്മയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചു മനസിലാക്കുമ്പോൾ അത് ഒരു പടികൂടി മുമ്പിലാണ്. ദൈവത്തിനു മനുഷ്യനോടു സ്നേഹമുണ്ടെന്നറിയുന്നതും അത് അനുഭവിച്ചു മനസിലാക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അറിവിനോട് അനുഭവവും കൂടിച്ചേരുമ്പോഴാണ് അത് ജ്ഞാനമാകുന്നത്. കർമ്മം സത്കർമ്മവും ദുഷ്കർമ്മവുമാകാം. സത്കർമ്മം പുണ്യവും ദുഷ്കർമ്മം പാപവുമാണ്. പുണ്യത്തിനു മോക്ഷവും പാപത്തിനു നരകവും പ്രതിഫലവുമായി ലഭിക്കും. ഭക്തി ഈശ്വരനുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഈശ്വരപ്രീതിക്ക് ഉപകരിക്കുന്ന ഏതു കർമ്മവും പുണ്യമാണ്. പുണ്യംചെയ്യൽ മനുഷ്യനും ദൈവവുമായുള്ള ബന്ധം ഉറപ്പിക്കുന്നു.

മോക്ഷപ്രാപ്തിക്കുവേണ്ടി ധർമ്മം അനുഷ്ഠിക്കുമ്പോൾ പ്രതിസന്ധിയായി നിൽക്കുന്ന രണ്ടു ഘടകങ്ങളാണ് അർത്ഥവും കാമവും. അർത്ഥത്തിന്റെ അർത്ഥം ധനമെന്നാണ്. ധനമില്ലാതെ മനുഷ്യനു ജീവിക്കാനാകില്ല. പക്ഷേ, അതിന്റെ സമ്പാദനത്തിലും വിനിയോഗത്തിലും മാനദണ്ഡം ധർമ്മമാണ്.

ധർമ്മാനുഷ്ഠാനത്തിൽ സഹായമായും പ്രതിസന്ധിയായും നിൽക്കുന്ന രണ്ടാമത്തെ ഘടകം കാമമാണ്. കാമം എന്നാൽ പുരുഷനു സ്ത്രീയോടും സ്ത്രീക്ക് പുരുഷനോടുമുള്ള അഭിനിവേശമെന്നോ ആസക്തിയെന്നോ പറയാം. കാമത്തിനു തത്തുല്യമായ ഗ്രീക്ക് വാക്ക് ഈറോസ് ആണ്. സ്നേഹത്തിന്റെ ഒരു വകഭേദമായിട്ടേ ഭാരതസംസ്കാരത്തിൽ കാമത്തെ കാണാൻ കഴിയൂ. സ്നേഹത്തിനു മറ്റു മാനങ്ങളുണ്ട്. ഗ്രീക്കിൽ ഫീലിയ എന്നും അഗാപ്പേ എന്നും രണ്ടു വാക്കുകൾ കൂടിയുണ്ട്. ഫീലിയായ്ക്ക് സ്വാഭാവിക സ്നേഹമെന്നും അഗാപ്പേക്ക് അതിസ്വാഭാവിക സ്നേഹമെന്നും പറയാം. സ്വാഭാവിക സ്നേഹത്തിനുദാഹരണമാണ് അമ്മയ്ക്കു കുഞ്ഞിനോടും കുഞ്ഞിന് അമ്മയോടുമുള്ള സ്നേഹം. ഉന്നതമായ ലക്ഷ്യം വച്ചുകൊണ്ടുള്ളതും നന്മ മാത്രം ആഗ്രഹിച്ചുകൊണ്ടുള്ളതുമായ സ്നേഹമാണ് അഗാപ്പേ. എല്ലാ മനുഷ്യരേയും സ്നേഹിക്കുന്ന സാർവ്വത്രികസ്നേഹം ഇതിനുദാഹരണമാണ്. അതാണ്, ലോകസമസ്തോ സുഖിനോ ഭവന്തു എന്നു പറയുന്നതിന്റെ ധ്വനി. ദൈവോന്മുഖ സ്നേഹത്തിനാണ് ഈ പദം കൂടുതലായി ഉപയോഗിക്കുന്നത്.

ഭാരതീയ ദർശനത്തിൽ കാമത്തിന് പത്ത് ദശകങ്ങളുണ്ട്. ചക്ഷുപ്രീതി, മനസ്സംഗമം, സങ്കല്പം, നിദ്രാഛേദം, ശരീരകാർശ്യം, വിഷയ നിവൃത്തി, ലജ്ജാനാശം, ഉന്മാദം, മൂർച്ച, മരണം എന്നിവയാണവ. കാമത്തിന്റെ അന്ത്യം മരണമെന്നോ ഓരോഘട്ടവും അതിലേക്കാണു നയിക്കുന്നതെന്നോ ഒരു ധ്വനിയുമില്ല. വഴിതെറ്റി സഞ്ചരിച്ചാൽ മരണത്തിലവസാനിക്കുമെന്നേ ഇതിനർത്ഥമുള്ളു. ലൈംഗികേഛ ജന്മസിദ്ധമാണ്.

മോക്ഷപ്രാപ്തിയിലേക്കുള്ള പ്രയാണത്തിൽ നാല് ജീവിതാവസ്ഥകളുണ്ട്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ. ആശ്രമങ്ങൾ എന്നാണിവ അറിയപ്പെടുക. ഗൃഹസ്ഥാശ്രമത്തിനു മുമ്പുള്ള കാലഘട്ടമാണു ബ്രഹ്മചര്യാശ്രമം. ചാരിത്രനിഷ്ഠ കർശനമായി പാലിക്കപ്പെട്ടിരിക്കണം. വിഷയാദികളിൽ മനസുവയ്ക്കാതെ, മനസിനെ പരബ്രഹ്മത്തിൽ നിലനിർത്തലാണിത്. ജ്ഞാനസമ്പാദനത്തിനുള്ള കാലഘട്ടവുമാണിത്. ബൗദ്ധിക വിജ്ഞാനത്തോടൊപ്പം ശാരീരിക-മാനസിക-ആത്മീയ വിഷയങ്ങളിലും പരിശീലനം നൽകിയിരുന്നു. ഇങ്ങനെ പക്വതയാർജ്ജിച്ചശേഷമാണ് ഒരുവൻ ഗൃഹസ്ഥാശ്രമ ജീവിതത്തിൽ പ്രവേശിച്ചിരുന്നത്.

ഗൃഹസ്ഥാശ്രമം കഴിഞ്ഞാൽ വാനപ്രസ്ഥാനമാണ്. കുടുംബസംബന്ധമായ ഉത്തരവാദിത്വങ്ങളിൽ നിന്നെല്ലാം മോചനം നേടി വനത്തിൽപോയി വസിക്കണമെന്നാണതിന്റെ വാച്യാർത്ഥം. പക്ഷേ, അതുകൊണ്ടുദ്ദേശിക്കുന്നത്, കുടുംബസംബന്ധമായ ഉത്തരവാദിത്വങ്ങളെല്ലാം മക്കളെ ഏൽപ്പിച്ച് സ്വസ്ഥമായി ജീവിക്കുക എന്നേയുള്ളു. അവസാനത്തെ ഘട്ടം സന്യാസമാണല്ലോ. ലൗകിക കാര്യങ്ങളിൽ നിന്നെല്ലാം പിൻവാങ്ങി സർവ്വസംഗപരിത്യാഗിയായി ഈശ്വരധ്യാനത്തിൽ മുഴുകിക്കഴിയുന്നതാണു സന്യാസം. മോക്ഷപ്രാപ്തിക്കുള്ള അടുത്തയൊരുക്കം നടക്കേണ്ട ഘട്ടമാണിത്.

ആധുനിക സമൂഹത്തിന്റെയും ഘടന ഇതു തന്നെയാണല്ലോ. വിദ്യാഭ്യാസകാലഘട്ടം പൂർത്തിയാക്കി എന്തെങ്കിലും തൊഴിൽ നേടിയാൽ സ്വാഭാവികമായി ഭൂരിഭാഗം ആളുകളും ഗൃഹസ്ഥരാകുന്നു. മക്കൾ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാകുന്നതോടെ അവർക്കത് കൈമാറുന്നു. അവസാനഘട്ടത്തിൽ പൂർണ്ണവിശ്രമത്തിലാകും. ഓരോ ഘട്ടത്തിലും അതതു ഘട്ടത്തിന്റേതായ ധർമ്മനിഷ്ഠ പാലിച്ചാൽ ജീവിതം ധന്യമാകും; അല്ലെങ്കിൽ പരാജയവും ഇതൊക്കെയാണ് ഭാരതസംസ്കാരം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# ദൈവനാമം




**തുടർച്ച 2**

ദൈവനാമം വൃഥാ എടുക്കുന്നത് എപ്പോഴാണ്? ദൈവനാമത്തിൽ കള്ളസത്യം ചെയ്യുമ്പോഴാണ്. അല്ലാതെ അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുമ്പോഴല്ല. "Lord" (കർത്താവ്) എന്ന് എവിടൊക്കെ പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം "യാഹുവ എലോഹിം" എന്നാണ് യഥാർത്ഥ പരിഭാഷ. ആ വാക്യത്തിനു ജീവനുണ്ടാകുന്നത് അപ്പോഴാണ്.

**യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും.**

അവന്റെ നാമം സകല നാമത്തിനും മേലായ നാമം (യോഹ.1:12). അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവിടുത്തെ ശ്രേഷ്ഠനാമം അറിയാതെ എങ്ങനെ വിളിക്കും?

**ദൈവത്തിന്റെ പേര് യാഹുവ (യഹോവ) എന്നാണ്.**

പുറപ്പാട് 3:13-ൽ മോശ ദൈവത്തോട് ചോദിക്കുന്നു "ഞാൻ യിസ്രായേൽ മക്കളുടെ അടുക്കൽ ചെന്നു: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ: അവന്റെ നാമം എന്തെന്നു അവർ എന്നോടു ചോദിച്ചാൽ ഞാൻ അവരോടു എന്തു പറയേണം എന്നു ചോദിച്ചു.




അതിനു ദൈവം മോശയോടു: ഞാൻ ആകുന്നവൻ (YaH) ഞാൻ (YuH) ആകുന്നു (YaWaH); ഞാൻ ആകുന്നു (YaHuW) എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു.

ദൈവം പിന്നെയും മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: നീ യിസ്രായേൽമക്കളോടു ഇപ്രകാരം പറയേണം: അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എന്റെ നാമവും തലമുറ തലമുറയായി എന്റെ ജ്ഞാപകവും ആകുന്നു.

**യഹേശുവ ആണോ യേശു ആണോ ശരിയായ പേര്?**

ഹീബ്രു ഭാഷയിൽ പേരിടുമ്പോൾ അർത്ഥത്തിനു വളരെ പ്രാധാന്യമുണ്ട്, ബൈബിൾ നോക്കുമ്പോൾ ഈ സത്യം നമുക്ക് മനസിലാക്കാം, പേരിന് ദൈവം വളരെ പ്രാധാന്യം കല്പിച്ചിരുന്നു.

സാധാരണക്കാരനായിരുന്ന അബ്രഹാമിനെ ഭാവിയിൽ ബഹുജാതികളുടെ പിതാവാക്കും എന്ന് അരുളിച്ചെയ്തപ്പോൾ അതിനനുസരിച്ച് അവന്റെ പേര് കൂടെ മാറ്റിയിരിക്കണമെന്നും ആ പേര് ബഹുജാതികളുടെ പിതാവ് എന്നർത്ഥം വരുന്നത് ആയിരിക്കണമെന്നും ദൈവം വളരെ ശ്രദ്ധിച്ചു (ഉല്പത്തി 17:5).

യാക്കോബിനെ (കുതികാൽ പിടിക്കുന്നവൻ) ദൈവം യിസ്രായേൽ (ദൈവത്തിന്റെ പ്രഭു/ദൈവത്തോട് മല്ലു പിടിക്കുന്നവൻ) എന്ന് വിളിച്ചു.

ദൈവം മാത്രമല്ല എബ്രായരെല്ലാം പേരിലെ അർത്ഥത്തിനു പ്രാധാന്യം കൊടുത്തിരുന്നു, സാഹചര്യങ്ങൾക്കും അനുഭവങ്ങൾക്കും അനുസരിച്ച് പേരിട്ടിരുന്നു.

രണ്ടു രീതിയിലാണ് പേര് പരിഭാഷപ്പെടുത്തുന്നത്, പേരിലെ അർത്ഥം മനസ്സിലാക്കി പരിഭാഷപ്പെടുത്താം അഭിഷേക് = Anointed. അതുപോലെ പേര് മറ്റു ഭാഷയിലേക്കും മാറ്റി എഴുതാം അഭിഷേക് = Abhishek എങ്ങനെയായാലും നാമത്തിനും അർത്ഥത്തിനും വ്യത്യാസം വരുന്നില്ല. ഇവിടെ നാം ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്.

**ദൂതൻ മറിയയോടു പറഞ്ഞ രക്ഷകന്റെ നാമം എബ്രായ അരാമിക് ഭാഷയിലെ യഹോവ രക്ഷകൻ എന്നർത്ഥം വരുന്ന യഹേശുവ എന്നാണോ അതോ പാശ്ചാത്യ സുറിയാനിയിലെ യാതൊരു അർത്ഥവുമില്ലാത്ത യേശുവാണോ എന്ന് ചരിത്രപരമായും വസ്തുതാപരമായും വചനാധിഷ്ടിതമായും നാം പരിശോധിക്കേണ്ടിയിരിക്കുന്നു.**

യാഹ (യഹോവ)=ദൈവം (ദൈവത്തിന്റെ പേര്) ഷുവ=രക്ഷകൻ

യാഹ്ഷുവ = രക്ഷകനായ ദൈവം

യാഹ്ശുവ എന്നതാണ് യേശുവിന്റെ യഥാർത്ഥ പേര്, യേശു, ജീസസ് എന്ന പേരിനു അർത്ഥം ഒന്നും ഇല്ല. കാരണം ജീസസ് എന്ന പേര് അരാമിക് അല്ല, ഹീബ്രു അല്ല, ഇംഗ്ലീഷും അല്ല, അത് ഗ്രീക്കിൽ നിന്നും ഇംഗ്ലീഷിലേക്ക് വന്ന തെറ്റായ പുനഃപരിഭാഷയാണ്. ഹീബ്രുവിൽ നിന്നും യാഹ്ശുവ ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ഗ്രീക്കിൽ "ശ്" എന്ന അക്ഷരം ഇല്ലായിരുന്നു. അതിനാൽ "ഇ-സിയൂസ്" (IE-ZIUS) എന്നായി മാറി ഇതിനു വാഴ്ത്തപ്പെട്ട സിയൂസ് എന്നാണ് അർത്ഥം (Hail Zeus).

ഏകദേശം 400 എ.ഡി. ആയപ്പോൾ ലാറ്റിൻ ഭാഷ ക്രിസ്ത്യാനികളുടെ പ്രധാന ഭാഷയായി മാറി. അപ്പോൾ ഗ്രീക്കിൽ നിന്നും ലാറ്റിൻ ഭാഷയിലേക്ക് "ഇ-സിയൂസ്" പരിഭാഷപ്പെടുത്തിയപ്പോൾ ഇസൂസ് എന്നായി മാറി.

**ഇനി ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയ കഥ**

പതിനഞ്ചാം നൂറ്റാണ്ട് വരെ ഇംഗ്ലീഷിൽ "J" എന്ന ഉച്ചാരണം ഇല്ലായിരുന്നു, 24 അക്ഷരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് മശിഹയെ ഇംഗ്ലീഷുകാർ എന്തു വിളിച്ചു?

"J" അക്ഷരത്തിനു I യുടെയും Yയുടെയും ശബ്ദമാണ് നൽകിയിരുന്നത്. അതുകൊണ്ടാണ് ഇംഗ്ലീഷിൽ "Hallelujah" എന്നെഴുതുകയും "Halleluyah" എന്ന് വായിക്കുകയും ചെയ്യുന്നത്. പതിനഞ്ചാം നൂറ്റാണ്ടിൽ ബൈബിൾ വിവർത്തനം ചെയ്തപ്പോൾ അവർ യ(Y/i) എന്ന ശബ്ദം വേണ്ടിടത്ത് എല്ലാം J എന്ന അക്ഷരം ഉപയോഗിച്ചു. Jacob എന്ന് എഴുതുകയും yacob (യാക്കോബ്) എന്ന് വായിക്കുകയും ചെയ്തിരുന്നു. അതുപോലെ അന്ന് മശിഹയെ ഇംഗ്ലീഷുകാർ Jesus എന്ന് എഴുതുകയും Iesus എന്ന് വായിക്കുകയും ചെയ്തിരുന്നു. അഞ്ഞൂറോളം വർഷങ്ങൾ കൊണ്ടാണ് ജെ എന്ന ഉച്ചാരണം J ക്ക് ലഭിക്കുന്നത്. ഈ മാറ്റം വന്നപ്പോൾ പുതിയ ഉച്ചാരണ വ്യത്യാസം അനുസരിച്ച് അക്ഷരം മാറ്റി എഴുതിയില്ല. (തുടരും).



# വേദപുസ്തകം വന്ന വഴി



**തുടർച്ച 2**

ക്തുവീം (ലിഖിതങ്ങൾ) സങ്കീർത്തനങ്ങൾ, ഇയ്യോബ്, സദൃശവാക്യങ്ങൾ, രൂത്ത്, ഉത്തമഗീതം, സഭാപ്രസംഗി, വിലാപങ്ങൾ, എസ്ഥേർ, ദാനിയേൽ, എസ്രാ, നെഹമ്യാവ്, 1, 2 ദിനവൃത്താന്തം.

എബ്രായ ബൈബിളിലെ പുസ്തകങ്ങളുടെ ഈ ക്രമം പരിശോധിക്കുമ്പോൾ ചില വസ്തുതകൾ ദൃഷ്ടിയിൽപ്പെടാതിരിക്കയില്ല. പുസ്തകങ്ങളുടെ ക്രമത്തിലുള്ള വ്യത്യാസമാണ് അവയിൽ പ്രധാനപ്പെട്ടത്. ഉദാ: രൂത്ത്, 1,2 ദിനവൃത്താന്തം, എസ്രാ, നെഹമ്യാവ്, എസ്ഥേർ, ഇയ്യോബ്, വിലാപങ്ങൾ, ദാനിയേൽ ആ പുസ്തകങ്ങളുടെ സ്ഥാനം നമുക്ക് സുപരിചിതമായ ബൈബിളിലെ ക്രമത്തിലല്ല. ഇവയെല്ലാം ലിഖിതങ്ങൾ എന്ന മൂന്നാം വിഭാഗത്തിലാണ് കാണുന്നത്. ദാനിയേൽ പ്രവാചകഗണത്തിലല്ല, ലിഖിതങ്ങളിൽ എസ്ഥേറിനുശേഷമാണ് സ്ഥാനം പിടിച്ചരിക്കുന്നത്. ലിഖിതങ്ങളിലെ പുസ്തകങ്ങളുടെ ക്രമം എല്ലാ പുരാതന കൈയെഴുത്തുപ്രതികളിലും ഒരുപോലെ അല്ലെന്നുള്ളതും എടുത്തുപറയേണ്ടിയിരിക്കുന്നു.

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. എന്തുകൊണ്ട് പുസ്തക ക്രമത്തിൽ ഈ വ്യത്യാസം വന്നു?

**പഴയനിയമ രൂപവത്കരണം.** പഴനിയമം രൂപമെടുക്കുന്നതിനു പിന്നിൽ സുദീർഘവും സങ്കീർണ്ണവുമായ ചരിത്രമുണ്ട്. അതിന്റെ എല്ലാ വിശദാംശങ്ങളും പരിണാമങ്ങളും അപഗ്രഥിച്ച് സ്ഥാപിക്കുക ദുഷ്ക്കരമാണ്. ചില പുസ്തകങ്ങളുടെ രൂപവത്കരണത്തിന് നിദാനമായ സ്രോതസ്സുകളെപ്പറ്റി അവയിൽത്തന്നെ സൂചനകളുണ്ട് (1, 2 ശമുവേൽ, 1,2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തം, സങ്കീർത്തനം, സദൃശവാക്യം.

പഞ്ചഗ്രന്ഥത്തിലെ ഭാഷാശൈലിയും വിഷയങ്ങളും വേദശാസ്ത്രചിന്തകളും വിശകലനം ചെയ്തതിന്റെ ഫലമായി അതിന്റെ രൂപവത്കരണം എങ്ങനെയായിരുന്നുവെന്നു ഏറെക്കുറെ ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

യിസ്രായേൽ ഗോത്രങ്ങൾ പരസ്പരം ഇണങ്ങിച്ചേർന്നു പലസ്തീൻ നാട്ടിൽ ഒരു ജനതയാകുന്നതിന് ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ കനാനിൽ ദേവസ്തുതികളും പുരാണൈതിഹ്യങ്ങളും ഇതിഹാസവും രേഖയിലാക്കിയിരുന്നു എന്നു റാസ്ഷംറായിൽ നിന്നു കണ്ടെടുത്ത ഉഗാറിത്ത് മതസാഹിത്യം തെളിയിക്കുന്നു. ബാബിലോണിലെ സൃഷ്ടി, പ്രളയപുരാണങ്ങളും ഈജിപ്റ്റിലെ ദേവകീർത്തനങ്ങളും ജ്ഞാനസാഹിത്യവും ക്രി.മു.രണ്ടാം സഹസ്രാബ്ദത്തിൽ രേഖയിലാക്കിയിരുന്നു.

പല പുരാതന സംസ്കാരങ്ങളിലും സാഹിത്യത്തിന്റെ ആദ്യഘട്ടം പദ്യമാണ്. വാമൊഴിയിൽ അടുത്ത തലമുറയ്ക്ക് അത് കൈമാറിയിരുന്നു. ദെബോറയുടെ ഗീതം (ന്യായാ.5), ബിലെയാമിന്റെ മൊഴികൾ (സംഖ്യാ 23,24), റിബേക്കായുടെ അനുഗ്രഹം (ഉല്പ.24:60) എന്നിവയിലെല്ലാം പൗരാണികത നിഴലിക്കുന്നുണ്ട്.



പുരാതന കനാന്യക്ഷേത്രങ്ങൾ, ഗോത്രപിതാക്കന്മാർക്ക് അവയുമായുള്ള ബന്ധം മൂലം യിസ്രായേല്യരുടെ ആരാധനാകേന്ദ്രങ്ങളായി മാറിയപ്പോൾ അവയോട് ബന്ധപ്പെട്ട ഐതിഹ്യങ്ങളും പുരാണങ്ങളും യിസ്രായേല്യർ സ്വായത്തമാക്കിയെന്നും അവയ്ക്ക് പുതിയ വ്യാഖ്യാനം നല്കിയെന്നും ന്യായമായി ഊഹിക്കാം. (ഉദാ: ബേഥേൽ, ഉല്പത്തി 28:11-12, സീനായി, പുറ.3:1-6). ദാവീദ് യെബൂസ്യരുടെ പട്ടണമായ യരുശലേം കൈവശമാക്കിയപ്പോൾ അതിനോടു ബന്ധപ്പെട്ട ചരിത്രപാരമ്പര്യത്തിനും പ്രാമുഖ്യം കൈവന്നു (2 ശമു.24). പ്രകൃതിശക്തികളുടമേൽ ദൈവം ആധിപത്യം നടത്തുന്നുവെന്ന് വർണ്ണിക്കുന്ന സ്തുതിഗീതങ്ങളുടെ ജന്മവും പാലനവും യരുശലേം പോലെയുള്ള ആരാധനാകേന്ദ്രങ്ങളിലായിരുന്നു (സങ്കീ.29).

വരമൊഴിയായി ചില പാരമ്പര്യങ്ങൾ സംരക്ഷിച്ചുവെന്നതിനു തെളിവുകളുണ്ട്. സംഖ്യാ 21:14-15ൽ യഹോവയുടെ യുദ്ധപുസ്തകത്തെക്കുറിച്ച് പരാമർശമുണ്ട്. ന്യായാ.10:13-ൽ 'ശൂരന്മാരുടെ പുസ്തകം' എന്ന വരമൊഴി സ്രോതസ്സ് ഉണ്ടായിരുന്നതായി സൂചിപ്പിച്ചിരിക്കുന്നു (2 ശമു.1:18). (തുടരും)




# നവോത്ഥാന ചരിത്രം

**തി**രുവിതാംകൂറും കൊച്ചിയും മലബാറുമായി നിലനിന്ന കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിനും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിക്കും ക്രൈസ്തവ മിഷണറിമാർ നൽകിയ സംഭാവന വിലമതിക്കാനാവാത്തതാണ്. 1806–ൽ തിരുവിതാംകൂറിലെത്തിയ എൽ.എം.എസ്. (ലണ്ടൻ മിഷണറി സൊസൈറ്റി), 1816–ൽ മധ്യകേരളത്തിലെത്തിയ സി.എം.എസ് (ചർച്ച് മിഷണറി സൊസൈറ്റി), 1839–ൽ മലബാറിലെത്തിയ ബി.ഇ.എം. (ബാസൽ ഇവാഞ്ചലിക്കൽ മിഷണറി സൊസൈറ്റി) എന്നീ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനങ്ങൾ വിപ്ലവകരമായ പ്രവർത്തനങ്ങൾ നടത്തി. 1806–ൽ തിരുവിതാംകൂറിലെത്തിയ എൽ.എം.എസ്. മിഷണറി റവ. വില്യം തോബിയാസ് റിങ്കിൾടോബെയാണ് കേരളത്തിൽ മിഷണറിമാരുടെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്.

ജർമനിയിലെ സിലേഷിയയിൽ പുരോഹിതനായ ഗോട്ടിലിബ് റിങ്കിൾടോബെയുടെ മകനായി വില്യം തോബിയാസ് റിങ്കിൾടോബെ 1770 ഓഗസ്റ്റ് എട്ടിന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം മിഷണറിയാകാനായി ഹാലെ സർവകലാശാലയിൽ ചേർന്ന് പൗരോഹിത്യ പഠനം പൂർത്തിയാക്കി. 1796 ജൂലൈ 24–ന് ജർമ്മനിയിലെ വെർണിഗെറോഡിലെ ലൂഥറൻ സഭയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. മിഷണറി പ്രവർത്തനത്തിനുള്ള താൽപര്യം കാരണം തൊട്ടടുത്ത ദിവസം കപ്പൽ കയറി ഓഗസ്റ്റ് 17–ന് ലണ്ടനിലെത്തി. എൽ.എം.എസിന്റെ ഭാഗമാണെന്ന് ധരിച്ച് എസ്.പി.സി.കെ. (ദ് സൊസൈറ്റി ഫോർ പ്രമോട്ടിംഗ് ക്രിസ്ത്യൻ നോളജ്) മിഷണറി സംഘടനയിൽ ചേർന്ന റിങ്കിൾടോബെയെ മിഷണറി ദൗത്യത്തിന് കൽക്കട്ടയിലയച്ചു. 1797 ഒക്ടോബറിൽ കൽക്കട്ടയിലെത്തിയ റിങ്കിൾ ടോബെക്ക് ലഭിച്ച പരിമിതമായ താമസസൗകര്യവും ശീലമില്ലാത്ത ആഹാരരീതികളും ചെറിയ ശമ്പളവും ആരോഗ്യത്തെയും പ്രവർത്തനത്തെയും ബാധിച്ചു. ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു വർഷം പ്രവർത്തിച്ച ശേഷം 1799 ജൂലൈ 17–ന് ലണ്ടനിൽ മടങ്ങിയെത്തി.

1803 ജൂലൈ 11–ന് എൽ.എം.എസിൽ ചേർന്ന റിങ്കിൾടോബെയെ മിഷണറി പ്രവർത്തനത്തിനായി സിലോണിലേക്ക് അയച്ചു. 1804 ഏപ്രിൽ 10–ന് അഞ്ച് മിഷണറിമാരോടൊപ്പം യാത്ര തിരിച്ച് ഡിസംബർ നാലിന് ഇന്ത്യയിലെ ക്രിസ്ത്യൻ മിഷനുകളുടെ ആസ്ഥാനമായ തരംഗപാടിയിലെത്തി. പ്രതിസന്ധികളും ദുർഘടവും നിറഞ്ഞ യാത്രയായിരുന്നു ഇതെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. മിഷണറിമാരിൽ മൂന്നുപേർ സിലോണിലും രണ്ടുപേർ വിശാഖപട്ടണത്തും പോയി. എന്നാൽ തെക്കേ ഇന്ത്യയിൽ പ്രവർത്തിക്കാനുള്ള ആഗ്രഹത്തോടെ റിങ്കിൾടോബെ തമിഴ് ഭാഷാ പഠനം തുടങ്ങി. ഇതിനിടയിൽ സിലോണിൽ ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ യുദ്ധമുണ്ടായതിനാൽ ഇന്ത്യയിൽ പ്രവർത്തിക്കാൻ എൽ.എം.എസിന്റെ നിർദ്ദേശവും ലഭിച്ചു. തമിഴിൽ പ്രാവീണ്യം നേടാൻ 1805 മേയിൽ മദ്രാസിലെത്തിയ റിങ്കിൾടോബെ ജൂൺ 10–ന് തരംഗപാടിയിൽ മടങ്ങിയെത്തി. തിരുവിതാംകൂറിലെ ആദ്യ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനിയായ വേദമാണിക്കം ഈ സമയത്ത് റിങ്കിൾടോബെയെ സന്ദർശിച്ച് മൈലാടിയിലേക്ക് ക്ഷണിച്ചു. തമിഴ് പഠനം പൂർത്തിയാക്കിയാൽ മൈലാടി സന്ദർശിക്കാമെന്ന് റിങ്കിൾടോബെ ഉറപ്പു നൽകി. 1806 മാർച്ച് 12–ന് പാളയം കോട്ടയിൽ എത്തിയ ടോബെ ഇംഗ്ലീഷിലും തമിഴിലും പ്രാവീണ്യത്തോടെ സുവിശേഷം പ്രസംഗിച്ചു. ഏപ്രിൽ 12 വരെ പാളയം കോട്ടയിൽ തുടർന്നുകൊണ്ട് തിരുവിതാംകൂറിൽ സഞ്ചരിക്കുന്നതിനും പള്ളി നിർമ്മിക്കുന്നതിനും ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളെക്ക് അപേക്ഷ നൽകി. സഞ്ചരിക്കുന്നതിന് പാസ്പോർട്ട് ലഭിച്ചെങ്കിലും പള്ളി നിർമ്മിക്കാൻ അനുമതി ലഭിച്ചില്ല.

കേരളത്തിലെ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ സഭാചരിത്രത്തിലെ സുപ്രധാന ദിവസമാണ് 1806 ഏപ്രിൽ 25. വേദമാണിക്യത്തിന്റെ ക്ഷണം സ്വീകരിച്ച് റിങ്കിൾടോബെ ആരുവാമൊഴി പാത കടന്ന് തെക്കൻ തിരുവിതാംകൂറിലെ മൈലാടിയിലെത്തിയ നാൾ. കന്യാകുമാരി ജില്ല അന്ന് തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു. കേരളത്തിലെത്തുന്ന ആദ്യ പ്രൊട്ടസ്റ്റന്റ് മിഷണറിയായ റിങ്കിൾടോബെ രണ്ട് ദിവസം വേദമാണിക്കത്തിന്റെ ഭവനത്തിൽ താമസിച്ച് സുവിശേഷം പ്രസംഗിച്ചു. സർക്കാർ ഉദ്യോഗസ്ഥരുടെ ഉപദ്രവം ഒഴിവാക്കാനും ദേവാലയം ലഭ്യമാക്കാനും ഇടപെടണമെന്നായിരുന്നു ജനങ്ങളുടെ പ്രധാന ആവശ്യം. മൈലാടിയിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന റിങ്കിൾടോബെയുടെ ആവശ്യം മജിസ്ട്രേറ്റ് അംഗീകരിച്ചു. തുടർന്ന് കൊച്ചിയിൽ പോയി ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളെയെ കണ്ട് പള്ളി നിർമ്മിക്കുന്നതിന് അനുമതി വാങ്ങി. സർക്കാർ അനുമതി നൽകിയതിനു പുറമെ ഉദ്യോഗസ്ഥരോട് പള്ളി നിർമ്മാണത്തിന് മേൽനോട്ടം വഹിക്കാനും നിർദ്ദേശിച്ചു. വേദമാണിക്കത്തിന്റെ ഭൂമിയിൽ 1809 മേയിൽ നിർമ്മാണം ആരംഭിച്ച് സെപ്റ്റംബറിൽ തിരുവിതാംകൂറിലെ ആദ്യ പ്രൊട്ടസ്റ്റന്റ് പള്ളി സ്ഥാപിച്ചു. പള്ളിയുടെ സമീപത്ത് പണിതപത്തടി നീളവും ആറടി വീതിയുമുള്ള ചെറിയ കുടിലിൽ റിങ്കിൾടോബെ താമസം തുടങ്ങി. ഒരു കട്ടിലും ചെറിയ മേശയും രണ്ടു ചെറിയ കസേരയുമല്ലാതെ അവിടെ മറ്റൊന്നുമുണ്ടായിരുന്നില്ല. പത്മനാഭപുരത്തിന് സമീപമുള്ള ഉദയഗിരിയിലും പിൽക്കാലത്ത് റിങ്കിൾടോബെ താമസിച്ചിരുന്നു.



140

a good Missionary.

I take as lively an interest, as any stranger can, in those family circumstances you mention, especially the marriage of one of your daughters, & beg you will remember me to all at Matchenhouse in the most respectful terms. – My prayers I am afraid not often & fervent enough but sincerely, are rising up for your prosperity as a family. As I am approaching the great end faster than you I have a chance of laying my head into the Grave before yours. May the Lord our God & Saviour be propitious to us both till that blessed event takes place.

I remain
Dear Sir
Yours
Most respectfully
W. J. Ringeltaube

Marawa
24th Sept
1816.

Please to forward the inclosed letter to my Sister through Mr. Steinkopf – to whom my compliments!

സർക്കാർ അനുമതി ലഭിച്ചതിനാൽ താമരക്കുളം, അത്തിക്കാട്, പുത്തളം, പിച്ചക്കുടിയിരിപ്പ്, കോവിൽവിള, ഈത്താമ്പുള്ളി എന്നിവിടങ്ങളിൽ 1810–ൽ പള്ളി സ്ഥാപിച്ച് തദ്ദേശീയരായ ഉപദേശിമാരെ നിയമിച്ചു. പരിമിത സൗകര്യങ്ങൾ മാത്രമുള്ള പള്ളികളിലെ വിശ്വാസികൾ ദരിദ്രരുമായിരുന്നു. റിങ്കിൾടോബെ എല്ലാ പള്ളികളും സന്ദർശിച്ചിരുന്നു.

തിരുവിതാംകൂറിലെ സാധാരണക്കാർ സാമൂഹികമായും മതപരമായും രാഷ്ട്രീയമായും കഷ്ടപ്പെടുന്നതായി റിങ്കിൾടോബെ മനസിലാക്കി. അവർണ്ണരോട് സവർണ്ണ സമുദായങ്ങൾ ചെയ്യുന്ന അനീതികൾക്ക് സർക്കാർ പിന്തുണ നൽകിയിരുന്നു. അവർണ്ണ ജനവിഭാഗങ്ങൾക്ക് തലവരി ഉൾപ്പെടെ അന്യായമായ നിരവധി കരങ്ങൾ ചുമത്തിയിരുന്നു. ജീവിച്ചിരിക്കുന്നവർക്ക് മാത്രമല്ല മരിച്ചവർക്കുവേണ്ടിയും ബന്ധുക്കൾ കരം അടയ്ക്കേണ്ടിവന്നു. 1807–08 ലെ തിരുവിതാംകൂർ സർക്കാരിന്റെ റവന്യൂ കണക്കനുസരിച്ച് പിന്നോക്ക സമുദായാംഗങ്ങളിൽ നിന്ന് 88,044 രൂപ തലവരി ലഭിച്ചപ്പോൾ മുന്നോക്ക ജാതിക്കാരുടെ തലവരി വെറും 4,624 രൂപയായിരുന്നു. താങ്ങാനാകാത്ത തലവരി നിരക്കിലും, പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥർ കാട്ടിയ ക്രൂരതയിലും സഹികെട്ട് നിരവധി കുടുംബങ്ങൾ തിരുനെൽവേലിയിലേക്ക് കുടിയേറി. കുടിയേറിപ്പോയവരുടെ കരം ബന്ധുക്കൾ അടയ്ക്കേണ്ട സ്ഥിതിയും നിലനിന്നിരുന്നു. ഇതിൽ നിന്നും അക്കാലത്ത് പിന്നോക്ക ജനവിഭാഗങ്ങളെ എത്രത്തോളം ചൂഷണം ചെയ്തതു എന്ന് മനസ്സിലാക്കാം.

താലി ഇറയ് (വിവാഹിതരായ സ്ത്രീകൾ താലി ധരിക്കുന്നതിനുള്ള നികുതി), മത്സ്യത്തൊഴിലാളികൾക്ക് വല നികുതി, നെയ്ത്തുകാർക്ക് തറി നികുതി തുടങ്ങിയവയും പ്രാബല്യത്തിലുണ്ടായിരുന്നു. അന്യായമായ നികുതികളിൽ നിന്ന് ക്രൈസ്തവരെ ഒഴിവാക്കണമെന്ന് മെക്കാളയെത്തുടർന്ന് റസിഡന്റായ കേണൽ മൺറോയോട് റിങ്കിൾടോബെ അഭ്യർത്ഥിച്ചു. ഇതിനെത്തുടർന്ന് 1814 ജൂൺ 29–ന് ക്രിസ്ത്യാനികളെ തലവരിയിൽ നിന്ന് ഒഴിവാക്കി വിളംബരം പുറപ്പെടുവിച്ചു. 1815–ൽ മറ്റ് നിരവധി അന്യായ കരങ്ങളും നിർത്തലാക്കി. ഇത് ക്രൈസ്തവർക്ക് മാത്രമല്ല അക്രൈസ്തവർക്കും ആശ്വാസമായി. ഞായറാഴ്ച ചെയ്തിരുന്ന ഊഴിയം ജോലികളിൽ നിന്നും 1815 ജൂലൈയിൽ ക്രൈസ്തവരെ ഒഴിവാക്കി. ന്യായാധിപന്മാരിൽ നിന്ന് നീതി ലഭിക്കുന്നില്ലെന്ന റിങ്കിൾടോബെയുടെ പരാതി പരിഗണിച്ച് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപ്പെട്ട ജോൺ എവർട്ടിനെ ജഡ്ജിയായി മൺറോ നിയമിച്ചു.

1810 മുതൽ 1812 വരെ പ്രദേശത്തുണ്ടായ ക്ഷാമം കാരണം നിരവധി പേർ മരിച്ചു. ഇതെത്തുടർന്ന് പാളയംകോട്ടയിലും കൊല്ലത്തും പോയി ഫണ്ട് സ്വരൂപിച്ച് ക്ഷാമബാധിതരെ അദ്ദേഹം സഹായിച്ചു. 1814–ൽ മൺറോയുടെ ആവശ്യപ്രകാരം തിരുവിതാംകൂർ രാജ്ഞി റാണി ലക്ഷ്മി ബായി വായിലാങ്കുളത്തും താമരക്കുളത്തുമായി പാടശേഖരം മിഷൻ പ്രവർത്തനങ്ങൾക്ക് നൽകി. ഇത് സ്കൂളുകൾ നടത്താനും സ്വാശ്രയത്തിൽ പ്രവർത്തിക്കാനും സഹായകമായി. കിണറുവെട്ടി ജലസേചനം നടത്തി കൃഷി ചെയ്യുന്നതിന് ജനങ്ങളെ പ്രാപ്തരാക്കി. ജോലി ചെയ്യാത്തവർ ആഹാരം കഴിക്കരുത് എന്ന നിഷ്കർഷയും തൊഴിലിന്റെ മാഹാത്മ്യവും ജനങ്ങൾക്ക് മനസിലാക്കിക്കൊടുത്തു.


First Church (1809)

അടിമ വ്യാപാരവും അടിമവ്യവസ്ഥയും നിർത്തലാക്കാനും സ്ത്രീകളുടെ മാറുമറയ്ക്കാനുള്ള അവകാശത്തിനും റിങ്കിൾടോബെ പ്രവർത്തിച്ചു. മൺറോയുടെ സമ്മർദ്ദഫലമായി 1812 ൽ തിരുവിതാംകൂർ രാജ്ഞി അടിമവ്യാപാരം നിർത്തലാക്കി വിളംബരം പുറപ്പെടുവിച്ചു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം 1814–ൽ മൺറോ നൽകി. അതുപോലെ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് മാതാപിതാക്കളുടെ സ്വത്തിന്മേൽ പിന്തുടർച്ചാവകാശവും അനുവദിച്ചു. സാമൂഹിക നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവയ്ക്കായി റിങ്കിൾടോബെ പ്രവർത്തിച്ചതിന്റെ ഉത്തമോദാഹരണങ്ങളാണ് ഇവ.

തിരുവിതാംകൂർ ആദ്യ ഇംഗ്ലീഷ് സ്കൂൾ മൈലാടിയിൽ 1809 ൽ സ്ഥാപിച്ച് റിങ്കിൾടോബെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കമിട്ടു. പിന്നോക്ക വിഭാഗക്കാരുടെ സാമൂഹിക പുരോഗതിക്ക് വിദ്യാഭ്യാസത്തിന് പ്രധാന പങ്കുണ്ടെന്ന് മനസിലാക്കിയ റിങ്കിൾടോബെ ജാതിമത ഭേദമന്യേ എല്ലാ കുട്ടികൾക്കും പഠിക്കാനായി എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിച്ചു. എഴുത്തും വായനയും കണക്കും പഠിപ്പിച്ചു. അങ്ങനെ മുന്നോക്ക ജനവിഭാഗങ്ങൾക്ക് മാത്രം പ്രാപ്യമായിരുന്ന വിദ്യാഭ്യാസം പിന്നോക്ക വിഭാഗങ്ങൾക്കും ലഭിച്ചുതുടങ്ങി. ഇതോടെ തെക്കൻ തിരുവിതാംകൂറിലെ പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും സാമൂഹിക അവസ്ഥയ്ക്കും മാറ്റവും വന്നു. 1815–ലെ കണക്കനുസരിച്ച് എല്ലാ സ്കൂളുകളിലുമായി 188 വിദ്യാർത്ഥികളും ഏഴ് അദ്ധ്യാപകരുമുണ്ടായിരുന്നു. എന്നാൽ, പെൺകുട്ടികൾ സ്കൂളിൽ വരാത്തത് കാരണം അവർക്ക് വേണ്ടി സ്കൂൾ ആരംഭിക്കാൻ സാധിച്ചില്ലെന്ന് റിങ്കിൾടോബെ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമെന്ന് അഭിമാനിക്കുമ്പോൾ തിരുവിതാംകൂറിൽ എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് തുടക്കമിട്ട റിങ്കിൾടോബെയെ വിസ്മരിക്കാൻ സാധ്യമല്ല.

10 വർഷത്തെ കഠിന പ്രയത്നവും ആരോഗ്യ പ്രശ്നങ്ങളും ഭക്ഷണക്രമവും റിങ്കിൾടോബെയെ തളർത്തി. മടങ്ങിപ്പോകാൻ തീരുമാനിച്ച റിങ്കിൾടോബെ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട ചുമതല വേദമാണിക്കത്തിന് കൈമാറി. സ്വത്തെല്ലാം പാവങ്ങൾക്കും സഹായികൾക്കും വീതിച്ചുകൊടുത്തു. 1816 ജനുവരി 23–ന് മൈലാടിയിലെ സ്നേഹനിർഭരമായ യാത്രയയപ്പിന് ശേഷം ഫെബ്രുവരിയിൽ കൊല്ലത്ത് എത്തി മൺറോയിൽ നിന്ന് പാസ്പോർട്ട് വാങ്ങി. മടങ്ങിപ്പോകുന്ന സമയത്ത് കപ്പൽ മണക്കുടിയിൽ നങ്കൂരമിട്ടപ്പോൾ ഏവരെയും അതിശയിപ്പിച്ച് മൈലാടിയിൽ എത്തി. താമസിച്ചിരുന്ന കുടിലിലെ ചുമരിൽ എഴുതിയിരുന്ന കടം വാങ്ങിയവരുടെ പേരുകൾ മായ്ച്ചുകളയാനായിരുന്നു ആ തിരിച്ചുവരവ്. മലാക്കയിൽ നിന്നുള്ള യാത്രാമദ്ധ്യേ കപ്പലിൽ വച്ച് മരിച്ചിരിക്കാനാണു സാധ്യത. കപ്പലിലെ ലോഗ് ബുക്കിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. അത് റിങ്കിൾടോബെ ആയിരിക്കാം.

ജനിച്ച രാജ്യത്തിലെ എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ച് അടിമകളും അപരിഷ്കൃതരുമായിരുന്ന ജനസമൂഹത്തിന് മധ്യേ റിങ്കിൾടോബെ പ്രവർത്തിക്കുകയും പിന്നോക്ക ജനങ്ങളുടെ സാമൂഹിക നവോത്ഥാനത്തിനും ആരോഗ്യ വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രവർത്തിച്ചു. തിരുവിതാംകൂറിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ആദ്യമായി ശബ്ദമുയർത്തിയ റിങ്കിൾ ടോബെയെ ചരിത്രത്തിൽ നിന്ന് മാറ്റിനിർത്താൻ സാധിക്കയില്ല. 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ തിരുവിതാംകൂർ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട റിങ്കിൾടോബെയുടെ ആശയങ്ങളും പ്രവർത്തനങ്ങളും കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും നവോത്ഥാന ശില്പികൾക്കും പ്രചോദനമായിട്ടുണ്ട്.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്ടുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി



**നല്ല ശമര്യാക്കാരൻ ഉപമയുടെ ധാരാളം വിശദീകരണങ്ങൾ കേട്ടിട്ടുണ്ട്. യേശുവിനെ ബന്ധപ്പെടുത്തി കാര്യങ്ങൾ വിശദീകരിക്കുന്നതല്ലാതെ ഇതിന്റെ ചരിത്രമോ, പശ്ചാത്തലമോ, യഥാർത്ഥ സന്ദേശമോ ആളുകൾക്ക് ഇതുവരെയും വ്യക്തമായിട്ടില്ല. വസ്തുതാപരമായ ഒരു വിശദീകരണം വേദാഭിമാനിയിലൂടെ പ്രതീക്ഷിക്കുന്നു.**

**-പാ. സൈമൺ ജോർജ്ജ്, വള്ളക്കടവ്, വലിയതുറ, തിരുവനന്തപുരം**

യെരുശലേമിൽനിന്ന് യെരിഹോവിലേക്കു പോയ ഒരു യഹൂദനാണല്ലോ മുറിവേറ്റു വഴിയിൽ കിടന്നത്. യെരുശലേം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2600 അടി മുകളിലുള്ള സ്ഥലമാണ്. യെരിഹോയാകട്ടെ ഏകദേശം 550 അടി സമുദ്രനിരപ്പിൽനിന്ന് താഴെയുള്ള പ്രദേശവുമാണ്. ഈ രണ്ടു പ്രദേശങ്ങൾക്കിടയിലുള്ള ദൂരം ഏകദേശം 18 മൈലാണ്. അപ്പോൾ ഓരോ മൈലിനും 191 അടി ചെരിവുള്ള കുത്തനെയുള്ള ഒരു റോഡിലാണ് ഉപമയിലെ സംഭവങ്ങൾ നടക്കുന്നത്. കൊള്ളക്കാർക്കും മറ്റും പല ഒളിസങ്കേതങ്ങളുമുള്ള, അപകടം എവിടെയും പതിയിരിക്കുന്ന സഞ്ചാരപഥമായിരുന്നു അത്. വഴിയോരങ്ങളിലെ സത്രങ്ങളും സുരക്ഷിതമായിരുന്നില്ല. എങ്കിലും രാത്രിവിശ്രമത്തിനു മറ്റിടങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് അവ മാത്രമായിരുന്നു യാത്രികരുടെ ശരണം. ശമര്യാക്കക്കാരൻ സത്രം സൂക്ഷിപ്പുകാരനെ ഏല്പിച്ച രണ്ടു ദനാറ രണ്ടാഴ്ചത്തെ ചെലവിനു തികയുമായിരുന്നു.

ഉപമയിലെ പുരോഹിതരെക്കുറിച്ചും ലേവ്യനെക്കുറിച്ചും അധികം പറയേണ്ടതില്ലല്ലോ. ദേവാലയത്തെ ചുറ്റിപ്പറ്റി ജീവിതം കൊണ്ടുനടന്നവരാണ് ഇരുവരും. ആരായിരുന്നു ശമര്യാക്കാർ? ശലോമോന്റെ ഭരണശേഷം ബി.സി.922-ൽ വടക്കും (ഇസ്രായേൽ) തെക്കുമായി (യൂദാ) രാജ്യം വിഭജിക്കപ്പെടുന്നുണ്ട്. ബി.സി.722-ൽ അസ്സീറിയക്കാർ ഇസ്രായേലിനെ കീഴ്പ്പെടുത്തി, ആ പ്രദേശം കോളനൈസ് ചെയ്യുന്നുണ്ട്. തുടർന്ന് 2 രാജാ.17:24-34ൽ വായിക്കുന്നതുപോലെ, അസ്സീറിയക്കാർ ഇസ്രയേല്യരുമായി അടുത്ത ബന്ധം പുലർത്തി ഉടലെടുത്തവരാണ് ശമര്യാക്കാർ. സ്വന്തം നാടിനെയും രക്തത്തെയും മലിമസമാക്കിയതുകൊണ്ട് ശമര്യാക്കാരോട് യൂദാനിവാസികൾക്ക് കടുത്ത പകയുണ്ടായിരുന്നു.



ശമര്യാക്കാർ പഞ്ചഗ്രന്ഥി മാത്രം അംഗീകരിച്ചിരുന്നവരും ഗെരിസിം മലയിലെ ദേവാലയത്തിൽ പ്രാർത്ഥിച്ചിരുന്നവരുമായിരുന്നു. വിപ്രവാസാനന്തര (ബി.സി.587) യൂദായിൽ യെരുശലേം ദേവാലയം പുനരുദ്ധരിക്കാൻ ശ്രമങ്ങൾ നടന്നപ്പോൾ ശമര്യാക്കാർ അതിനു വലിയ തടസ്സമുണ്ടാക്കിയെന്ന് എസ്രാ-നെഹമ്യാ പുസ്തകങ്ങളിൽ നിന്നു നമുക്കു മനസ്സിലാകും. അന്ത്യോകസ് എപ്പിഫാനസ് എന്ന വിജാതീയ രാജാവിന്റെ യഹൂദ വേട്ടയാടലിനും ചൂഷണത്തിനും എതിരായിട്ടാണല്ലോ മക്കബായൻ വിപ്ലവം അരങ്ങേറുന്നത്. എന്നാൽ ശമര്യാക്കാർ എപ്പിഫാനസിനോടു ചങ്ങാത്തം പുലർത്താനാണു നോക്കിയത്. ഗെരിസിംമലയിലെ തങ്ങളുടെ ദേവാലയത്തെ ഗ്രീക്ക് ദൈവമായ സേവൂസിന്റെ ക്ഷേത്രമെന്ന് ശമരിയാക്കാർ പെരുമാറ്റം നടത്തിയെന്നു ഫ്ളാവിയൂസ് ജൊസേഫുസിന്റെ ചരിത്രത്തിൽ നാം വായിക്കുന്നുണ്ട്. ഏ.ഡി.9-ലെ പെസഹാ തിരുനാളിന് ശമര്യാക്കാർ യെരുശലേം ദേവാലയത്തിൽ എല്ലുകൾ വിതറി അവിടം അശുദ്ധമാക്കിയെന്നും ജൊസേഫൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

നൂറ്റാണ്ടുകളായി നിലനിന്ന ഈ കുടിപ്പകയുടെ പ്രതിധ്വനികൾ പഴയനിയമത്തിലും ഇതര യഹൂദ ഗ്രന്ഥങ്ങളിലും നമുക്കു വായിക്കാനാകും.

യഹൂദാ ഗ്രന്ഥമായ മിഷ്നായിൽ പറയുന്നത് ശമര്യാക്കാരി പെൺകുട്ടികൾക്കു പിള്ളത്തൊട്ടിൽ തൊട്ട് മാസമുറ തുടങ്ങുമെന്നും അതുകൊണ്ട് അവർ അശുദ്ധരാണെന്നുമാണ്! ശമര്യാക്കാരുടെ നിഴൽ വീണാൽപോലും അശുദ്ധിയുണ്ടാകുമെന്ന് ബാബിലോണിയൻ താല്മുദിൽ പറയുന്നു. ശമര്യാക്കാരുടെ ഭക്ഷണം കഴിക്കുന്നത് പന്നി മാംസം കഴിക്കുന്നതിനു തുല്യമാണെന്നു പറയുന്ന മിഷ്നാപാഠവും ശമര്യാക്കാരനെ കൊല്ലുന്ന യഹൂദനു വധശിക്ഷ നല്കാൻ പാടില്ലെന്ന താല്മുദ് പാഠവും ഉണ്ട്.

ശമര്യാക്കാരോടുള്ള യഹൂദരുടെ പൊതുവികാരം എന്തായിരുന്നുവെന്ന് ഇവയിൽ നിന്നൊക്കെ വ്യക്തമാണല്ലോ. വഴിയരുകിൽ അർദ്ധപ്രാണനായി കിടന്നവനെ (ലൂക്കോ.10:30) കണ്ടപ്പോൾ മരിച്ചവനായി പുരോഹിതനും ലേവ്യനും ധരിച്ചുവെന്നും മൃതദേഹ സംബന്ധിയായ ചില പഴയനിയമ പഠിപ്പിക്കലുകൾ കൊണ്ടാണ് അവർ ഇരുവരും വഴിമാറിപ്പോയതെന്നും പൊതുവെ ഒരു വ്യാഖ്യാനമുണ്ട്. "അഭിഷേകതൈലം തലയിൽ ഒഴിക്കപ്പെട്ടവനും വിശുദ്ധ വസ്ത്രങ്ങൾ ധരിക്കാൻ പ്രതിഷ്ഠിക്കപ്പെട്ടവനുമായവൻ, ശവശരീരങ്ങൾ, സ്വന്ത മാതാവിന്റെയോ പിതാവിന്റെയോ തന്നെയായാലും, സ്പർശിക്കുകയോ അവയാൽ തന്നെത്തന്നെ അശുദ്ധനാക്കുകയോ അരുത്" (ലേവ്യർ 21:10-11). സമാനമായ കാഴ്ചപ്പാടുകൾ ലേവ്യർ 22-ലും യെഹസ്ക്കേൽ 44-ലും നമുക്കു കാണാനാകും.

ഉപമയിലെ മുറിവേറ്റവനെ കണ്ട ഓരോരുത്തരുടെയും പ്രതികരണം ശ്രദ്ധിക്കേണ്ടതാണ്: പുരോഹിതൻ മറുവശത്തുകൂടെ കടന്നുപോകുന്നു; ലേവ്യന് അതുവഴി കടന്നുപോകുന്നു; ശമര്യാക്കാരനാകട്ടെ അവിടേക്കു കടന്നുചെല്ലുന്നു. ശുദ്ധി-അശുദ്ധിയെക്കുറിച്ചുള്ള ചിന്തകളേക്കാൾ കൊള്ളക്കാരുടെ ആക്രമണത്തെക്കുറിച്ചുള്ള ഭയമാകാം പുരോഹിതനിലും ലേവ്യനിലും നിറഞ്ഞത്. മുറിവേറ്റവന്റെ കാഴ്ച തങ്ങളെക്കുറിച്ചുള്ള ആകുലത അവരിൽ നിറയ്ക്കുകയാണ്; എന്നാൽ അതേ കാഴ്ച മുറിവേറ്റവനെക്കുറിച്ചുള്ള ആകുലതയാണ് ശമര്യാക്കാരനിൽ നിറയ്ക്കുന്നത്.

**ഉപമയുടെ പശ്ചാത്തലം**: സുപ്രധാന കല്പനകൾ ഏതെന്നു കൃത്യമായി യേശു പഠിപ്പിക്കുന്നതായിട്ടാണു മർക്കോസ് 12-ലും മത്തായി 22-ലും നാം കാണുന്നത്. അവ, ദൈവത്തെ സർവ്വോപരി സ്നേഹിക്കുക, അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കുക എന്നിവയാണല്ലോ. എന്നാൽ ലൂക്കോസിൽ നാം മറ്റൊന്നാണു കാണുന്നത്. നല്ല ശമര്യാക്കാരന്റെ ഉപമയ്ക്കു തൊട്ടുമുമ്പാണ് ഈ കല്പനകൾ രേഖപ്പെടുത്തിയിരിക്കുന്നത്. അവ പക്ഷേ പറയുന്നത് യേശുവല്ല, ഒരു നിയമപണ്ഡിതനാണ് (ലൂക്കോ.10:25-27). യേശു പഠിപ്പിച്ചുവെന്നു മർക്കോസും മത്തായിയും രേഖപ്പെടുത്തിയ കല്പനകൾ ഒരു നിയമപണ്ഡിതനെക്കൊണ്ടു ലൂക്കോസ് പറയിപ്പിച്ചതാണെന്നു കരുതുന്നതിൽ വലിയ സാംഗത്യമില്ല, തെളിവുകളുമില്ല. മർക്കോസും മത്തായിയും ഒരേ സന്ദർഭത്തെക്കുറിച്ചു പറയുമ്പോൾ ലൂക്കോസ് മറ്റൊന്നിനെക്കുറിച്ചാണു പറയുന്നതെന്നു കരുതുന്നതാണ് കൂടുതൽ യുക്തിഭദ്രം.

ദൈവത്തെ സർവ്വശക്തിയോടെ സ്നേഹിക്കണമെന്ന കല്പന ആവർത്തനം 6:4-9ലാണുള്ളത്. അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നതു ലേവ്യർ 19:18ലും. ഇവ രണ്ടും ഒരുമിച്ചു ചേർത്ത് സുപ്രധാന കല്പനകളായി പഠിപ്പിക്കുന്ന രീതി റബ്ബിനിക് എഴുത്തുകളിൽ നമുക്കു കാണാനാകും. അതിനർത്ഥം, യേശുവല്ല ഈ സുപ്രധാന കല്പനകളുടെ ഉപജ്ഞാതാവ് എന്നതാണല്ലോ. അവ അന്നത്തെ റബ്ബിനിക് പാരമ്പര്യത്തിന്റെ ഭാഗമാണ്. അതിനെക്കുറിച്ചു വ്യക്തമായ ധാരണയുള്ള ഒരാളായിരുന്നിരിക്കണം യേശുവുമായി സംസാരിക്കുന്ന നിയമപണ്ഡിതൻ. അങ്ങനെയാകണം യേശുവിന്റെ ശിഷ്യനല്ലാതിരിക്കെത്തന്നെ യേശു പഠിപ്പിച്ച അതേ കാര്യം അദ്ദേഹവും പറയുന്നത്. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നതാണ് നിയമത്തിന്റെയും പ്രവാചകന്മാരുടെയും കേന്ദ്രപ്രമേയമെന്ന് യേശുവും ശിഷ്യഗണവും മാത്രമല്ല, യഹൂദസമൂഹം മുഴുവനും അംഗീകരിച്ചിരുന്നു എന്ന് ഇവയിൽ നിന്നൊക്കെ വ്യക്തമാണല്ലോ.

പക്ഷേ പ്രശ്നം ഈ അയൽക്കാർ ആരെന്നുള്ളതാണ്. ശമര്യാക്കാരനെ അയൽക്കാരനായി ഗണിക്കാനാകുമോ? അവരോടുള്ള യഹൂദന്മാരുടെ നിലപാട് മുകളിൽ ഒന്നു സൂചിപ്പിച്ചതാണ്. ആ സൂചനകളോട് ഒരു കാര്യംകൂടി കൂട്ടിച്ചേർക്കട്ടെ. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണമെന്ന ലേവ്യ 19:18-ലെ വാക്യത്തെ എങ്ങനെ പ്രയോഗതലത്തിൽ കൊണ്ടുവരാമെന്ന് അക്കാലത്തെ ഒരു റബ്ബി വിശദീകരിക്കുന്നുണ്ട്: "നിന്റെ ജനതയെപ്പോലെ പെരുമാറുന്ന ഒരാളാണെങ്കിൽ നീ അവനെ സ്നേഹിക്കണം; അങ്ങനെയല്ലെങ്കിൽ അവനെ സ്നേഹിക്കാൻ പാടുള്ളതല്ല". നല്ലവനെ മാത്രമേ സഹായിക്കാവൂ എന്നും പാപിയെ സഹായിക്കരുതെന്നും നിഷ്ക്കർഷിക്കുന്നതാണത്. ചുരുക്കത്തിൽ യേശുവിന്റെ കാലത്ത് അയൽക്കാരന് കൃത്യമായി നിർവ്വചനം നൽകിയിട്ടുണ്ട്. സ്നേഹത്തിന് അതിർവരമ്പുകൾ പണിതുയർത്തിയിരുന്നു എന്നു വ്യക്തം. ഇതിന്റെ പശ്ചാത്തലത്തിലാണ് യേശുവിന്റെ ഉപയുടെ ആഴവും മിഴിവും നമുക്കു വ്യക്തമാകുന്നത്.

**ഉപമയുടെ സന്ദേശം:** 1) യേശുവിനോടു നിയമജ്ഞന്റെ ചോദ്യം ആരാണ് എന്റെ അയൽക്കാരൻ എന്നതാണല്ലോ. അയാൾ തേടുന്നത് "അയൽക്കാരന്" ഒരു നിർവ്വചനമാണ്. ആ നിർവ്വചനത്തിൽപ്പെടാത്ത ആരും അയൽക്കാരനാകില്ലല്ലോ. ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് യേശു ഉപമ പറയുന്നത്. ഉപമയ്ക്കൊടുക്കം യേശുവിന്റെ മറുചോദ്യം മൂവരിൽ ആരാണ് മുറിവേറ്റവന് അയൽക്കാരനായിത്തീർന്നത് എന്നാണ്. നിയമജ്ഞന്റെ ചോദ്യം അയൽക്കാരനെ നിർവ്വചിക്കാൻ ശ്രമിക്കുമ്പോൾ, യേശുവിന്റെ മറുചോദ്യം അത്തരം നിർവ്വചനങ്ങളെ നിഷേധിക്കുകയാണ്. നിയമജ്ഞന്റെ ചോദ്യം സ്നേഹത്തിന് അതിർവരമ്പുകൾ പണിയുമ്പോൾ യേശുവിന്റെ മറുചോദ്യം അവയെ ഉല്ലംഘിക്കുകയാണ്. നിയമജ്ഞന്റെ ചോദ്യം ചിലരെ അകത്തും ചിലരെ പുറത്തുമാക്കുമ്പോൾ, യേശുവിന്റെ മറുചോദ്യം സകലരെയും അകത്താക്കുന്ന അയൽക്കാരനാകാൻ നിനക്കാകുമോ എന്നാണ്. ഏഴു തവണയാണോ ക്ഷമിക്കേണ്ടത് എന്നു ചോദിച്ച് ക്ഷമയ്ക്ക് പത്രോസ് പരിധിയിടാൻ ശ്രമിക്കുമ്പോൾ അത്തരം പരിധികളെ യേശു എടുത്തുകളഞ്ഞ അതേ പാറ്റേണിലാണ് ഇവിടെയും ഉത്തരം. അയൽക്കാരൻ നിർവ്വചിക്കപ്പെടേണ്ട ഒരാളേയല്ല. കാതലായ ചോദ്യം ഇതാണ്: "ആർക്കൊക്കെ അയൽക്കാരനാകാൻ നിനക്ക് മനസ്സുണ്ട്?"

2) ഒരു യഹൂദപശ്ചാത്തലത്തിലാണല്ലോ ഉപമ അവതരിപ്പിക്കപ്പെടുന്നത്. ചോദ്യകർത്താവ് യഹൂദൻ, മറുപടി നൽകുന്നയാൾ യഹൂദൻ, ചുറ്റും നിന്നു കേൾക്കുന്നവരെല്ലാം യഹൂദർ, കഥയിലെ എല്ലാ കഥാപാത്രങ്ങളും യഹൂദർ. പക്ഷേ മാതൃക ഒരു ശമര്യാക്കാരൻ! പുരോഹിതനും ലേവ്യനും ശേഷം കേൾവിക്കാർ ന്യായമായും പ്രതീക്ഷിച്ചിരിക്കാൻ സാധ്യതയുള്ള കഥാപാത്രം ഒരു സാധാരണ യഹൂദനെയാകണം. എന്നിട്ടും ശമര്യാക്കാരനെ യേശു കൊണ്ടുവരുന്നത് വളരെ ബോധപൂർവ്വമാണ്. ഈ ഉപമ നാം വായിക്കുന്നത് ലൂക്കോ.10-ാം അദ്ധ്യായത്തിലാണല്ലോ. അതിനു തൊട്ടുമുമ്പുള്ള അദ്ധ്യായത്തിൽ (9:51-56) യേശുവിനെ ശമര്യാക്കാരുടെ ഗ്രാമം തിരസ്ക്കരിച്ചതായും ആ ഗ്രാമത്തെ തീയിട്ടു നശിപ്പിക്കാൻ യാക്കോബും യോഹന്നാനും ആഗ്രഹിച്ചതായും നാം വായിക്കുന്നുണ്ട്. തന്നെ തിരസ്കരിച്ച ഒരാളെത്തന്നെ യേശു മാതൃകാ കഥാപാത്രമായി അവതരിപ്പിക്കുമ്പോൾ, മനുഷ്യമനസ്സിലെ എല്ലാ മതിലുകളെയും തൂത്തെറിയാനുള്ള ക്ഷണം തന്നെയാണത്. യഹൂദ ചരിത്രത്തിൽ ശമര്യാക്കാരുമായുള്ള പകയുടെ കഥകളും സംഭവങ്ങളും എത്ര വേണമെങ്കിലുമുണ്ട്. അതിന് ഒരൊറ്റ അപവാദം 2 ദിനവൃത്താന്തം 28:8-15ൽ നാം കാണുന്നുണ്ട്. വടക്കുഭാഗത്തുള്ള ശമ

ശേഷം പേജ് 8 കാണുക

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Dec: 2021 at RMS Kayamkulam
Published on Ist Dec: 2021
RNI Registered No. KERMAL/2002/7361




**തി**രുവനന്തപുരത്തെ കോഫി ഹൗസ് ഒരുകാലത്ത് ബുദ്ധിജീവികളുടെയും മറ്റു വി.ഐ.പി.കളുടെയും സംഗമസ്ഥാനവും ആദ്ധ്യാത്മിക വിദ്യാലയവുമായിരുന്നു. ഈ ബഡായി ബംഗ്ലാവിലേക്ക് നിരൂപകനും അദ്ധ്യാപകനുമായ എസ്. ഗുപ്തൻ നായർ ഒരിക്കൽ വന്നുകയറി. ഒരു കപ്പു കാപ്പി കുടിക്കുകയായിരുന്നു ഉദ്ദേശ്യം. കോഫി പാനം ചെയ്യുന്നതിനിടയിലാണ് തൊട്ടടുത്ത സീറ്റിലിരുന്ന സുസ്മേരവദനനായ ഒരു സുന്ദരപുരുഷനെ അദ്ദേഹം ശ്രദ്ധിച്ചത്.

അത്ഭുതം! അത് രാജാറാവു എന്ന ലോകപ്രശസ്ത നോവലിസ്റ്റായിരുന്നു!

"പൂച്ചയും ഷേക്സ്പിയറും" അഥവാ ക്യാറ്റ് ആൻഡ് ഷേക്സ്പിയർ എന്ന വിശ്വവിഖ്യാത നോവലിന്റെ രചയിതാവ്! ഈ നോവൽ എഴുതാനായി അനന്തപുരിയിൽ എത്തിയതായിരുന്നു റാവു. അംബുജ വിലാസം റോഡിലുള്ള ഒരു ഔട്ട്ഹൗസിലാണ് അദ്ദേഹം താമസിച്ചിരുന്നത്. ഗുപ്തൻ നായർ റാവുവിനെ പരിചയപ്പെട്ടു. പിന്നീട് റാവുവിന്റെ വാടകവീട്ടിൽ സന്ദർശനം തുടങ്ങി. അവർ കൂട്ടുകാരായി.

തിരുവനന്തപുരത്തിന്റെ കഥയാണല്ലോ പൂച്ചയും ഷേക്സ്പിയറും എന്ന നോവലിലൂടെ റാവു പറയുന്നത്. സെക്രട്ടറിയേറ്റിലെ രണ്ടു ഗുമസ്തന്മാരാണ് മുഖ്യ കഥാപാത്രങ്ങൾ. എൻ.ജി.ഒ.യും ബുദ്ധിജീവിയുമായ ഗോവിന്ദൻനായരാണ് ഇവരിൽ പ്രധാനി. അങ്ങനെയിരിക്കെ, പണ്ഡിത നിരൂപകനായ എം. പി. ശങ്കുണ്ണി നായർ ഒരു മാസികയിൽ ഇപ്രകാരം എഴുതി: "ലോകപ്രശസ്ത എഴുത്തുകാരനായ രാജാറാവുവിന്റെ നോവലിലെ ഗോവിന്ദൻ നായർ നമ്മുടെ എസ്. ഗുപ്തൻനായരാണ്!"

ഇതറിഞ്ഞ ഗുപ്തൻ നായർ ഞെട്ടി. "ആ ഗോവിന്ദൻ നായർ ഞാനല്ല! എനിക്കതിൽ ഒരു പങ്കുമില്ല!" – ഒന്നും ഗുപ്തമാക്കാതെ അദ്ദേഹം പറഞ്ഞു. ചരിത്രത്തിന്റെ ഭാഗമാകാനുള്ള നിയോഗം എത്ര പെട്ടെന്നാണ് മൂപ്പർ വേണ്ടെന്നുവച്ചത്!

**ആ എമ്മെൻ ഞാനല്ല!**: എം.എൻ.ഗോവിന്ദൻ നായർ ആക്ഷേപഹാസ്യ സാഹിത്യകാരനായിരുന്നു. ലക്ഷംവീട് പദ്ധതിയിലൂടെയും മറ്റും നാട്ടുകാരുടെ ഹൃദയം കവർന്ന സി.പി.ഐ.നേതാവും മന്ത്രിയുമായ എം.എൻ.ഗോവിന്ദൻ നായർ സൂപ്പർ താരമായി വാഴുന്ന കാലം. അരവിന്ദന്റെ അച്ഛൻ ലേഖനമെഴുതിയാൽ അത് സഖാവ് എം.എൻ. എഴുതിയതാണെന്നും മറിച്ചും ജനം ചിന്തിക്കുന്ന അവസ്ഥ! ഒടുവിൽ, സഖാവല്ലാത്ത എം.എൻ. ഒരു ട്രിക്ക് പ്രയോഗിച്ചു. താനെഴുതി പ്രസിദ്ധീകരിക്കുന്ന ലേഖനത്തിന്റെ മുകളിൽ ഇങ്ങനെ പേരുവച്ചു, "എം.എൻ.ഗോവിന്ദൻ നായർ (മന്ത്രിയല്ല)".

ലേഖനങ്ങൾ എഴുതുമ്പോൾ കൺഫ്യൂഷൻ ഒഴിവാക്കാനായി കാർട്ടൂണിസ്റ്റ് യേശുദാസൻ തന്റെ പേരിനൊപ്പം ബ്രായ്ക്കറ്റിൽ പാടാത്ത യേശുദാസൻ എന്നു ചേർക്കാറുണ്ടായിരുന്നു!

**ആ വിലാസിനി ഞാനല്ല!**: മലയാളത്തിലെ പ്രശസ്തമായ ഒരു ആഴ്ചപ്പതിപ്പിൽ വർഷങ്ങൾക്കു മുമ്പ് ഒരു കവിത അച്ചടിച്ചുവന്നു. എഴുതിയ ആളുടെ പേര്: വിലാസിനി.

കവിത വലിയ മെച്ചമൊന്നുമില്ലായിരുന്നു, പക്ഷെ, രണ്ടാഴ്ച കഴിഞ്ഞപ്പോൾ അതാ വരുന്നു, മറ്റൊരു കവിത! – നല്ല ഡിസ്പ്ലേയോടും ചിത്രത്തോടും കൂടി! ഈ കവിതയും ശരാശരിയെന്നേ പറഞ്ഞുകൂടൂ! കുറച്ചുനാൾ കഴിഞ്ഞപ്പോൾ മൂന്നാമതൊരു കവിതയും ആഴ്ചപ്പതിന്റെ താളിൽ അവതരിച്ചു!

ഇതോടെ വായനക്കാരിൽ ഭൂരിപക്ഷവും ഒരു കാര്യം ഉറപ്പിച്ചു – ഈ കാവ്യങ്ങൾ പടച്ചുവിടുന്നത് മഹാ നോവലിസ്റ്റായ എം. കെ. മേനോൻ എന്ന വിലാസിനിയാണ്!

പിറ്റേ ആഴ്ചയിൽ അതാ, വായനക്കാരുടെ കത്തുകൾ എന്ന പേജിൽ മേനോന്റെ കത്ത്! "ഞാനല്ലാതെ ആരുണ്ട് വിലാസിനിയായി ഊഴിയിൽ? ഈ കവിതകൾ ഞാനെഴുതിയതാണെന്നു നാട്ടുകാർ വിശ്വസിച്ചാൽ എനിക്കല്ലേ നാണക്കേട്? അതുകൊണ്ട് വിലാസിനി ഈ പേരു മാറ്റി വേറെ പേരിൽ കവിതയെഴുതണം!"

അടുത്ത ആഴ്ചയിൽ ഡ്യൂപ്ലിക്കേറ്റ് വിലാസിനിയുടെ കത്തുവന്നു. താനാണു യഥാർത്ഥ വിലാസിനി എന്നും വിലാസിനി എന്ന പേര് ആരുടേയും സ്വന്തമല്ലെന്നും എഴുത്തിൽ ഓർമ്മിപ്പിച്ചു. വിവാദം ചൂടുപിടിച്ചു. ഇന്നായിരുന്നെങ്കിൽ സോഷ്യൽ മീഡിയയിൽ ട്രോളന്മാർ പെരുന്നാളും പൊങ്കാലയും നടത്തുമായിരുന്നു. ഒടുവിൽ മേനോൻ പിൻവാങ്ങി.

**മിസിസ് സരോജ് കുമാർ ഞാനല്ല!**: വളരെക്കാലം മുമ്പാണ്. പല പത്രമാസികകളിലും ഒരു സ്ത്രീയുടെ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ബഷീർ, ദേവ്, തകഴി തുടങ്ങിയ വമ്പൻ എഴുത്തുകാർക്കൊപ്പം ഈ പെണ്ണിന്റെ ലേഖനവും തിളങ്ങി ശോഭിച്ചു. അതുകൊണ്ടുതന്നെ വായനക്കാർ അവരുടെ പേരു ശ്രദ്ധിച്ചു: മിസിസ് സരോജ് കുമാർ!

ഒരു പത്രാധിപർ ഈ പേരുകാരിയെ അന്വേഷിച്ചിറങ്ങി. മേൽവിലാസം വച്ച് വീടു കണ്ടുപിടിച്ചു ചെന്നപ്പോൾ അവിടെ ഒരു ചെറുപ്പക്കാരൻ മാത്രം! പിന്നീട് നോവലിസ്റ്റും നിരൂപകനുമായിത്തീർന്ന കെ. സുരേന്ദ്രനായിരുന്നു അത്!

**ഉറൂബ് നിങ്ങൾ തന്നെയോ?:** പി. സി. കുട്ടികൃഷ്ണൻ "ഉറൂബ്" ആയി ഒളിച്ചുനടക്കുന്ന കാലം. റേഡിയോ സ്റ്റേഷനിലാണു ജോലി. പ്രശസ്തമായ ഒരു വാരികയിൽ ഉറൂബ് എന്ന പേരുവച്ച് ഒരു തുടർക്കഥ വന്നു. പലരും ഉറൂബിനോടു തന്നെ ചോദിച്ചു: "ആരാണ് ഉറൂബ്?" ഉറൂബ് മിണ്ടിയില്ല.

അക്കാലത്താണ് കേസരി ബാലകൃഷ്ണപിള്ളയുടെ ഒരു കത്ത് ഉറൂബിനു കിട്ടിയത്. കത്ത് ഇപ്രകാരമാണ്: "ആഴ്ചപ്പതിപ്പിലെ തുടർക്കഥ കണ്ടിട്ട് നിങ്ങളെഴുതിയതുപോലെ ഇരിക്കുന്നു. എന്തായാലും നിങ്ങളുടെ ശൈലി അയാൾ ശരിക്കും വശമാക്കിയിട്ടുണ്ട്. അയാൾ നിങ്ങൾ തന്നെയോ?" അല്ലായെന്ന മറുപടിയും ഉടൻ വന്നു.




☺ മാനുഷിക ശബ്ദങ്ങൾ മൺമറയും. വചനം എന്നേക്കും നിലനിൽക്കും. സ്നേഹമാകുന്ന ആ വചനം ശ്രവിക്കുവാൻ സ്നേഹം കൊണ്ട് തീർത്ത കാതുകൾ വേണമെന്നു പറഞ്ഞാൽ?

ലാലി ഫിലിപ്പ്, ചെറുകോട്, മുളയറ, തിരുവനന്തപുരം

☹ **വചനം കാതിലൂടെ കയറിയിറങ്ങിപ്പോകാതെ ഓർത്തെടുക്കുവാനും കാത്തുസൂക്ഷിക്കുവാനും സ്നേഹിക്കുന്ന ഒരു ഹൃദയവും വേണം.**

☺വെള്ളപ്പൊക്കത്തെ അതിജീവിക്കാനുള്ള ഡച്ച് സാങ്കേതികവിദ്യ ഇവിടെ പ്രായോഗികമാക്കാത്തതെന്താണ്?

ജേക്കബ് ഉമ്മൻ, പൂമല, പെണ്ണുക്കര, ചെങ്ങന്നൂർ

☹**പ്രായോഗികമാക്കിയല്ലോ. അതല്ലെ കിറ്റ്. അതു കിട്ടിയാൽ ജനം ഏതു പ്രളയവും മറക്കും അതിജീവിക്കും.**

☺സുന്ദരിയായ ഒരു പെണ്ണിന്റെ ആലോചന വന്നിരിക്കുന്നു. അവളുടെ ചിരി കണ്ടാൽ എല്ലാ വിഷമവും മാറും?

സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട, തൃശ്ശൂർ

☹**ചിരിയിട്ടുവച്ചാൽ ചോറാകില്ല.**

☺അനുകൂലമായ തരംഗമാണെന്ന് പറഞ്ഞിട്ടും വർഗ്ഗീയ പാർട്ടി ഇവിടെ വിജയിക്കാത്തതിനു കാരണം?

ലീലാമ്മ പാപ്പച്ചൻ, കിഴക്കൻമുത്തൂർ, കുറ്റപ്പുഴ, തിരുവല്ല

☹**തരംഗത്തിനിടയിലെ തുരംഗം കാണാനവർക്കായില്ല.**

☺എന്റെ അപ്പൻ മരിച്ചപ്പോൾ ഒരു ദൈവദാസൻ കണ്ടോളാം എന്ന ഒരു മെസേജ് അയച്ചു. എന്താണ് പുള്ളി ഉദ്ദേശിച്ചത്?

കെ. സി. ജോസഫ്, കോളപ്ര, കുടയത്തൂർ, തൊടുപുഴ

☹**കൺഡോളൻസ് – അനുശോചനം എന്നായിരിക്കും ഉദ്ദേശിച്ചത്.**

☺ ഗ്യാസിന്റെ വിലവർദ്ധനവിനെ എങ്ങനെ നേരിടും?

സീനുജോൺസൺ, പള്ളിപ്പാടി, പാറത്തോട്, കോട്ടയം

☹ **കായ്കനികൾ ഭക്ഷിക്കുക. ഗ്യാസിന്റെ ചിലവും വയറിലെ ഗ്യാസും കുറയും.**

☺ആത്മീയർ എന്ന് അവകാശപ്പെടുന്നവരുടെ മക്കൾ വഴിപിഴച്ചു പോകാതിരിക്കാൻ?

കെ. വി. തോമസ്, ചതകുന്നം, മൂലപ്പാടം, നിലമ്പൂർ


☹**സ്നേഹവും മൂല്യബോധവും നൽകുന്നതോടൊപ്പം മാതാപിതാക്കൾ മാതൃക നൽകി വചനപ്രകാരം ജീവിക്കാൻ പരിശീലിപ്പിക്കുക.**




7–ാം പേജ് തുടർച്ച

ര്യാക്കാർ തെക്കുഭാഗത്തുള്ള തടവിലാക്കപ്പെട്ട യൂദാനിവാസികളോട് എത്ര കരുണയോടെയാണ് ഇടപെട്ടതെന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്: "പ്രത്യേകം നിയുക്തരായ ആളുകൾ തടവുകാരെ ഏറ്റെടുത്തു. കൊള്ളമുതലിൽ നിന്ന് ആവശ്യമായവ എടുത്തു നഗ്നരായവരെ ഉടുപ്പിച്ചു; ചെരിപ്പു ധരിപ്പിച്ചു; അവർക്കു ഭക്ഷണപാനീയങ്ങൾ നൽകി; തൈലം പൂശി; തളർന്നവനെ കഴുതപ്പുറത്തു കയറ്റി. അങ്ങനെ യെരിഹോവിൽ അവരുടെ സഹോദരരുടെ അടുത്തെത്തിച്ചു. അനന്തരം, അവർ ശമര്യയിലേക്കു മടങ്ങി." ഈ ശമര്യാക്കാർ ചെയ്തതും ഉപമയിലെ ശമര്യാക്കാരൻ ചെയ്യുന്നതും ഏകദേശം ഒന്നാണെന്നതു വ്യക്തമാണല്ലോ. അതിനർത്ഥം, തനിക്കു നേരിട്ട തിരസ്കരണത്തിന്റെ കയ്പല്ല നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രത്തിലെ ഒരേടിന്റെ മധുരമാണ് യേശു കേൾവിക്കാരിൽ നിറയ്ക്കാൻ ശ്രമിച്ചത്.

3) "നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം" എന്ന നിയമജ്ഞന്റെ ചോദ്യത്തെ തുടർന്നാണല്ലോ നല്ല ശമര്യാക്കാരന്റെ ഉപമ യേശു പറയുന്നത്. ഇത്തരം ചോദ്യങ്ങളോടുള്ള നമ്മുടെ സാധാരണ മറുപടി "യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്ന രീതിയിലുള്ളതാണല്ലോ. തങ്ങൾ എന്താണു ചെയ്യേണ്ടതെന്ന ജനത്തിന്റെ ചോദ്യത്തിന് സ്നാപകയോഹന്നാൻ കൊടുത്ത മറുപടി ലൂക്കോസിലുണ്ട്. "രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ" (ലൂക്കോ.3:11). ഇതേ മാതൃകയിലാണ് നിയമജ്ഞനും യേശു മറുപടി നല്കിയത്. വിശ്വാസസത്യങ്ങളോടു കാണിക്കുന്ന ആവേശം കാരുണ്യത്തിന്റെ പ്രവൃത്തികളിൽ ഇല്ലെങ്കിൽ അതു ക്രൈസ്തവികതയല്ലെന്ന് ഈ ഉപമ നിസ്സംശയം സ്ഥാപിക്കുന്നു.



Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally